# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



ഡിസംബർ 25 – പിറവിത്തിരുനാൾ

Vol. LXXIV December 2024 No. 12











പാലാ രൂപത പ്രഥമമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽപിതാവിന്റെ
ചരമത്തിന്റെ 38–ാം വാർഷികദിനത്തിൽ ഭദ്രാസനദൈവാലയത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ കാർമികത്വത്തിൽ
വിശുദ്ധ കുർബാനയും  അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിന്റെ
കാർമികത്വത്തിൽ കബറിടത്തിങ്കൽ ഒപ്പീസും നടത്തപ്പെട്ടു.



ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട
അഭിവന്ദ്യ മാർ തോമസ് തറയിൽപിതാവിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ
അഭിവന്ദ്യപിതാക്കന്മാരോടൊപ്പം പാലാ രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ്



ഷംഷാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടൻപിതാവിന്റെ
സ്ഥാനാരോഹണച്ചടങ്ങിൽ അഭിവന്ദ്യപിതാക്കന്മാരോടൊപ്പം
പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ്



പൗരോഹിത്യത്തിന്റെ 50 ഉം 25 ഉം ജൂബിലി ആഘോഷിക്കുന്ന അച്ചന്മാർ
അരമനയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിനോടും
അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിനോടുമൊപ്പം



സീറോ മലബാർ
എക്യുമെനിക്കൽ
കമ്മീഷന്റെ ആഭിമുഖ്യത്തിൽ
മാർത്തോമ്മാശ്ലീഹായുടെ
ഭാരതപ്രവേശന ഓർമ്മ
ത്തിരുനാളിനോടനുബന്ധിച്ച്
അരുവിത്തുറ സെന്റ് ജോർജ്
ഫൊറോനപള്ളിയിൽ
പുറത്തുനമസ്കാരം നടത്തി





പാലാ രൂപത നസ്രാണി കലണ്ടർ പ്രകാശനം
രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിർവ്വഹിക്കുന്നു.



കരൂർ തിരുഹൃദയദൈവാലയത്തിന്റെ 125–ാം ജൂബിലിസമാപനത്തോ
ടനുബന്ധിച്ച് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ്
വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**DECEMBER 2024**
**Vol. LXXIV No. 12**

# CONTENTS

ഇടയലേഖനം 82 ........ 891

സർക്കുലർ 328 ........ 899

സർക്കുലർ ........ 903

അറിയിപ്പ് ........ 909

ബൈബിൾ കൺവെൻഷൻ ........ 911

Collection List ........ 917

അറിയിപ്പ് ........ 923

വാർത്തകൾ ........ 945

ആദരാഞ്ജലികൾ ........ 987

അഭിവന്ദ്യപിതാവിന്റെ ഡയറി ........ 989

ഇടയലേഖനം - 82

# പാലാ രൂപത
# 42-ാമത് ബൈബിൾ കൺവെൻഷൻ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും**
**സന്ന്യാസിനീസന്ന്യാസികൾക്കും**
**വിശ്വാസികൾ ഏവർക്കും എഴുതുന്നത്:**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും**
**സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും?
നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. (യോഹ 6.68)

ഈശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം വർഷത്തിന്റെ ജൂബിലിയുടെ പ്രവേശനകവാടത്തിങ്കലും നമ്മുടെ രൂപതയുടെ പ്ലാറ്റിനംജൂബിലിയുടെ പശ്ചാത്തലത്തിലും മംഗളവാർത്തക്കാലത്തിലേക്കു പ്രവേശിച്ച് നാം എല്ലാവരും പിറവിത്തിരുനാളിന്റെ ഒരുക്കത്തിനുള്ള അവസരത്തിലാണ്. എല്ലാവർക്കും നിത്യജീവൻ നല്കുന്നതിന് (യോഹ. 17:2) ദൈവത്തിന്റെ വചനം മനുഷ്യനായി ജന്മമെടുത്തതിന്റെ ഓർമ്മയാണ് ക്രിസ്തുമസ്. പ്രപഞ്ചസൃഷ്ടിമുതൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരുന്നതു തന്റെ വചനത്തിലൂടെയാണ്. വചനത്താലാണ് അവിടുന്ന് എല്ലാം സൃഷ്ടിച്ചത്. ഒരു ജനതയെ തിരഞ്ഞെടുത്തു സ്വന്തമാക്കിയതും ചരിത്രത്തിലൂടെ നയിച്ചതും കാലാകാലങ്ങളിൽ പ്രവാചകന്മാരിലൂടെ സംസാരിച്ചതുമെല്ലാം ദൈവത്തിന്റെ വചനമായിരുന്നു. ദൈവമായി

രുന്ന ആ വചനം ശരീരം സ്വീകരിച്ചു മനുഷ്യനായി അവതരിച്ചു മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ചു (യോഹ 1:14). അതാണ് ഈശോമിശിഹാ. അങ്ങനെ, മനുഷ്യകുലത്തിനുവേണ്ടിയുള്ള ദൈവിക വെളിപ്പെടുത്തലുകളുടെ പൂർണ്ണത ഈശോമിശിഹാ യിലൂടെ യാഥാർത്ഥ്യമായി (മത്തായി 5:17 Dei Verbum 4). മഹാനായ ഗ്രിഗറി പറയുന്നു: വിശുദ്ധ ഗ്രന്ഥം ലളിതവും ആഴ മുള്ളതുമാണ്. കുട്ടികൾക്ക് ഇറങ്ങിനടക്കാവുന്ന തടാകംപോ ലെയും ആനകൾക്കു നീന്തിത്തുടിക്കാവുന്ന സമുദ്രംപോലെ യുമാണ്.

ദൈവവചനം അമൂർത്തമായ ഒരു തത്ത്വമോ ശക്തിയോ അല്ല; മറിച്ച്, ഒരു ദൈവികവ്യക്തിയാണ്, പുത്രനായ ദൈവ മാണ് (യോഹ. 1:14, വെളി. 19:3). ദൈവം നമ്മോടു സംസാരി ക്കുന്ന, നമ്മിൽ പ്രവർത്തിക്കുന്ന വചനമാണ് ഈശോമിശിഹാ. ദൈവത്തിന്റെ വചനം സൃഷ്ടിക്കുന്ന (ഉത്പത്തി 1,2; സങ്കീ. 33:6; ജ്ഞാനം 9:1), ജീവനേകുന്ന (നിയമ. 32:46-47), സൗഖ്യമേകുന്ന (സങ്കീ. 107:20), നയിക്കുന്ന (നിയമ. 2:1), ശിക്ഷണം നല്കുന്ന (ഉത്പത്തി 3:10-15, 4:6-10), രക്ഷിക്കുന്ന വചനമാണ്. വചന ത്തിന്റെ പ്രവൃത്തികളുടെയെല്ലാം ലക്ഷ്യം ഒന്നുമാത്രമാണ്: മനുഷ്യനു നിത്യജീവൻ നൽകുക. യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷം എഴുതിയിരിക്കുന്നതിന്റെ ലക്ഷ്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത് ഈശോ ദൈവപുത്രനായ മിശിഹായാ ണെന്നു വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുകവഴി അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകേണ്ടതിനുംവേണ്ടിയാണ്. ഞാൻ വന്നിരിക്കുന്നത് ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹ. 10:10) എന്ന് ഈശോ പറഞ്ഞിട്ടുണ്ട്. സത്യദൈവത്തെയും അവിടുന്നയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ. തോമസ് അക്വീനാസ് പറ യുന്നു: “മനുഷ്യമനസ്സിന്റെ രണ്ടു പ്രത്യേകതകളിൽ ആദ്യ ത്തേത്, നമുക്കില്ലാത്ത സാധനസാമഗ്രികളെക്കുറിച്ച് അന്വേ

ഷിച്ചുകൊണ്ടിരിക്കുക; രണ്ടാമത്തേത്, നമുക്കുള്ള സാധന സാമഗ്രികളിൽ മനസ്സുടക്കി ലൗകികനായി ജീവിക്കുക.” എല്ലാ മനുഷ്യരുടെയും ആത്യന്തികമായ ലക്ഷ്യം നിത്യജീവൻ പ്രാപിക്കുക എന്നതാണ്. ഇഹലോകജീവിതത്തിനുശേഷം നമ്മുടെ ആത്മാവിനു നിത്യമായ ജീവിതമുണ്ട്. അത് ഈശോ മിശിഹായോട് ഒപ്പമായിരിക്കുക എന്നതാണ്.

വചനത്തിൽ രൂപമെടുക്കുകയും (അപ്പ. പ്രവ. 2:41-42, റോമ. 10:17) വചനത്താൽ പോഷിതയാവുകയും (Dei Verbum - 21) ചെയ്യുന്ന സഭയുടെ ജീവിതത്തിൽ ഈശോമിശിഹാ സന്നിഹിതനായിരിക്കുന്നത് ദൈവവചനം എന്ന നാമത്തിലാണെന്ന് യോഹന്നാനുണ്ടായ ദൈവികവെളിപാടിൽ വ്യക്തമാക്കുന്നുണ്ട് (വെളി. 19:3). പരിശുദ്ധ ബെനഡിക്ട് പാപ്പാ പറയുന്നു: നമ്മുടെ നാഥൻ രക്ഷാകരദൗത്യം എഴുതിവയ്ക്കണമെന്ന് ആരോടും പറഞ്ഞില്ല. എന്നാൽ, അവയുടെ ഓർമ്മ പുതുക്കണമെന്നും നിലനിർത്തണമെന്നും കൈമാറ്റം ചെയ്യണമെന്നും ജീവിക്കണമെന്നും കല്പനകൾ പാലിച്ച് ലോകത്തിന്റെ അതിർത്തികൾവരെ സാക്ഷ്യത്തിലൂടെ എത്തിക്കണമെന്നും ആവശ്യപ്പെട്ടു. ഈശോമിശിഹായെ കൂടുതൽ അറിയാനും സ്നേഹിക്കാനും നമ്മുടെ ജീവിതത്തിലേക്കു കൂടുതൽ തീക്ഷ്ണതയോടെ സ്വീകരിക്കാനും അങ്ങനെ വിശ്വാസത്തിൽ ആഴപ്പെടാനുമുള്ള അവസരമാണ് മംഗളവാർത്തക്കാലം.

ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയതു വചനത്തിലൂടെയാണ്. അതിനാൽത്തന്നെ വചനം വായിക്കുന്നതിന്റെയും ശ്രവിക്കുന്നതിന്റെയും പ്രധാന ലക്ഷ്യം ദൈവത്തെ അറിയുക എന്നതാണ്. “മകനേ, എന്റെ വാക്കുകൾ കേൾക്കുകയും നിയമം കാത്തുസൂക്ഷിക്കുകയും ജ്ഞാനത്തിനു ചെവികൊടുക്കുകയും ചെയ്യുക. അപ്പോൾ നീ ദൈവഭക്തി എന്തെന്ന് അറിയുകയും ദൈവത്തെക്കുറിച്ച് അറിവു നേടുകയും ചെയ്യും” (സുഭാ. 5:1-2). ദൈവഭക്തനായ മനുഷ്യനു പൂർണ്ണത കൈവരി

ക്കാനുള്ള മാർഗമാണ് വിശുദ്ധ ലിഖിതങ്ങൾ (2 തിമോ. 3:16-17). സഹനത്തിന്റെ നിമിഷങ്ങളിലും സമചിത്തതയോടെ നിൽക്കാൻ സഹായിക്കുന്നതു ദൈവവചനമാണ്.

ജോബ് പറയുന്നു: അവിടുത്തെ മൊഴികൾ എന്റെ ഹൃദയ ത്തിൽ നിധിപോലെ സൂക്ഷിച്ചു (ജോബ് 23:12). സത്യത്തെ ക്കുറിച്ച് ഉറപ്പുലഭിക്കുന്നതു വചനത്തിൽനിന്നാണ് (അപ്പ. പ്രവ. 17:11-12, യോഹ. 8:32, 1 പത്രോ 4:11). വചനത്തിൽ നിലനിൽക്കു മെങ്കിൽ സത്യമറിയും (യോഹ. 8:32). വചനമാണ് സത്യം (യോഹ. 17:17). പരമസത്യത്തെ അറിഞ്ഞ് അതിജീവിക്കാൻ തിരുവചനം നമ്മെ സഹായിക്കുന്നു. നാം നിത്യജീവനിലേക്കു പ്രവേശിക്കുകയും ചെയ്യും.

വചനം സത്യമാണ് (യോഹ. 17:17). വചനം അറിയാത്തതു കൊണ്ടാണ് പലർക്കും തെറ്റുപറ്റുന്നത് (മർക്കോ. 12:24). കർത്താവിന്റെ വചനം പാലിക്കാൻ ദുർമാർഗ്ഗങ്ങളിൽനിന്നു നാം പാദങ്ങളെ പിൻവലിക്കേണ്ടിയിരിക്കുന്നു (സങ്കീ 119:101). വേദ പണ്ഡിതനായ ഒറിജൻ പറയുന്നു: “മലയുടെ താഴ്വരയിൽ നിന്നവർക്കല്ല ഈശോ രൂപാന്തരപ്പെട്ടത്; തന്റെകൂടെ മല കയ റിയവർക്കാണ്. നിന്റെ ജീവിതത്തിന്റെ രൂപാന്തരീകരണത്തി നായി ആഗ്രഹിക്കുന്നെങ്കിൽ അവനോടുകൂടി മലകയറുക. അവനോടുകൂടി മരിച്ചാൽ അവനോടുകൂടി ജീവിക്കും.” ശരീര ത്തിന്റെ ഉത്ഥാനം ലോകത്തിന്റെ അവസാനം നടക്കേണ്ടതാണ്. പക്ഷേ, മനസ്സുകളുടെ ഉത്ഥാനം ഓരോ ദിവസവും സംഭവി ക്കേണ്ടതാണ്. പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമായ (സങ്കീ. 119:105) ദൈവവചനത്തിന്റെ അർത്ഥം ഗ്രഹിക്കുന്ന തിനും വചനമനുസരിച്ചു ജീവിക്കുന്നതിനും ദൈവാരൂപിയുടെ ദിവ്യപ്രബോധനം ഉള്ളിലുണ്ടാവണം.

പരിശുദ്ധറൂഹായുടെ ശക്തിയാലാണ് വചനം മാംസം ധരിക്കുന്നത്. പരിശുദ്ധഅമ്മയിൽ വചനം മാംസം ധരിച്ചത് പരിശുദ്ധറൂഹായുടെ ആവാസത്താലാണ് (ലൂക്കാ 1:35).

നിത്യവചനം പ്രഘോഷിക്കപ്പെട്ടതും പരിശുദ്ധാരൂപിയുടെ അഭിഷേകത്താലാണ് (ലൂക്കാ 4:14-18). പരിശുദ്ധാരൂപിയുടെ സഹായത്തോടെ വചനത്തിന്റെ മേശയിൽനിന്നു പരിപോഷിപ്പി ക്കപ്പെട്ടു നാം വളരണം. ബൈബിൾ ചരിത്രപരമായ ഒരു കാഴ്ച വസ്തുവല്ല; മറിച്ച്, നമുക്ക് കർത്താവിന്റെ സ്വരം ശ്രവിക്കാനും ചരിത്രത്തിലെ അവിടുത്തെ സാന്നിധ്യം അറിയാനും കഴിയുന്ന പരിശുദ്ധറൂഹായുടെ പ്രവൃത്തിയാണെന്ന് ഫ്രാൻസിസ് മാർപാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്.

'അങ്ങയുടെ വചനത്തെപ്പറ്റി ധ്യാനിക്കാൻ രാത്രിയുടെ യാമങ്ങളിൽ ഞാൻ ഉണർന്നിരിക്കുന്നു' (സങ്കീ. 119:147) എന്നു പ്രഘോഷിക്കുന്ന സങ്കീർത്തകനെപ്പോലെ വചനത്തിനായി ദാഹിക്കാനും കാത്തിരിക്കാനും നമുക്കും സാധിക്കണം. ഇസ്രാ യേലിനു മരുഭൂമിയിൽ മന്ന ലഭിച്ചിരുന്നെങ്കിലും തങ്ങളെ പരിപോഷിപ്പിച്ച യാഥാർത്ഥ സ്വർഗീയ അപ്പം തോറായാണ് - ദൈവവചനമാണ് - എന്ന് യഹൂദചിന്തയിൽ വ്യക്തമാക്കിയി രുന്നു. അതുകൊണ്ടാണ്, സ്വർഗത്തിൽനിന്നിറങ്ങിയ യഥാർത്ഥ അപ്പം ഞാനാണ് (യോഹ. 6:51) എന്ന് ഈശോ വെളിപ്പെടു ത്തിയത്. വി. സിപ്രിയാൻ പറയുന്നു: "വീഞ്ഞും വെള്ളവും ഒന്നുചേരുന്നതുപോലെ മിശിഹായും ദൈവജനവും ഒന്നിക്ക ണം. ദൈവാരൂപിയുടെ കൃപയോടു സഹകരിച്ച് ദൈവവചന ത്തിനു ചെവികൊടുക്കണം. നിത്യജീവന്റെ വചസ്സുകളുള്ള കർത്താവിന്റെ സന്നിധിയിലിരുന്ന് വചനം ധ്യാനിക്കണം." മുറി വേറ്റതിനെ സുഖപ്പെടുത്താനുള്ള ഒരു ബൈബിൾ കൺവെൻ ഷൻ ആയിരിക്കണമിത് (Sana quod est saucium). ഈശോ ജറുസലേംദേവാലയത്തിൽ ചെയ്തത് ബൈബിൾ കൺവെൻ ഷനിലൂടെ നമ്മുടെ ഹൃദയത്തിലും നടക്കണം; CLEANSING AND RECTIFYING - വൃത്തിയാക്കലും തിരുത്തലും.

വചനവായനയുടെ പ്രാധാന്യത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ 'Aperuit illis' (അപേറൂയിത്ത് ഇല്ലീസ്) എന്ന പ്രബോധ

നത്തിൽ പറയുന്നു: "നമുക്കു വിശുദ്ധ ബൈബിളിനോടു വളരെ അടുത്ത ബന്ധം ഉണ്ടാകണം. അല്ലെങ്കിൽ, നമ്മുടെ ഹൃദയങ്ങൾ തണുത്തതും അടഞ്ഞതും വിവിധ തലങ്ങളിലുള്ള അന്ധതകളാൽ തകർക്കപ്പെട്ടതുമാകും. അവിടുത്തെ വാക്കുകൾ കേൾക്കുകയും നമ്മുടെ മനസ്സിന്റെയും ഹൃദയത്തിന്റെയും കവാടങ്ങൾ തുറക്കുകയും ചെയ്താൽ അവിടുന്ന് നമ്മുടെ ജീവിതത്തിൽ പ്രവേശിക്കുകയും നമ്മോടൊത്ത് എന്നും വസിക്കുകയും നിത്യജീവനിലേക്കു നയിക്കുകയും ചെയ്യും." നിസ്സായിലെ ഗ്രിഗറി പറയുന്നു: "നിങ്ങളുടെ ചിന്തകളെ നിയന്ത്രിക്കുക, അപ്പോൾ നിങ്ങൾ ഏതു കാര്യത്തിന്റെയും അച്ചടക്കമുള്ള ഭരണകർത്താവാകും."

ഈശോയിൽ പ്രിയപ്പെട്ടവരേ, നമ്മുടെ രൂപതയൊന്നാകെ ഈശോയുടെ പക്കലേക്കു വരുകയും നിത്യജീവന്റെ വചസ്സുകൾ ശ്രവിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന അവസരമാണല്ലോ ബൈബിൾ കൺവെൻഷൻദിനങ്ങൾ. ഹൃദയം നഷ്ടപ്പെട്ട ലോകത്തിനു ഹൃദയം നൽകുക എന്നതാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ തന്റെ പുതിയ ചാക്രികലേഖനത്തിലൂടെ ആഹ്വാനം ചെയ്തിരിക്കുന്നത്.

ഈ വർഷവും പതിവുപോലെ ഡിസംബർ 19 വ്യാഴാഴ്ച മുതൽ 23 തിങ്കളാഴ്ചവരെയാണ് പാലാ രൂപത 42-ാമത് ബൈബിൾ കൺവെൻഷൻ നടക്കുന്നത്. പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ നടക്കുന്ന ബൈബിൾ കൺവെൻഷൻ ഉച്ചകഴിഞ്ഞ് 3.30 മുതൽ 9.00 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. കൺവെൻഷനിൽ വിശുദ്ധ കുർബാനയും വചനപ്രഘോഷണവും ആരാധനയും ഉണ്ടായിരിക്കും. ഡിസംബർ 19 വ്യാഴാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. വചനപ്രഘോഷണവും ആത്മീയശുശ്രൂഷകളും നയിക്കുന്നത് അണക്കര മരിയൻധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ

ബഹു. ഡോമിനിക് വാളന്മനാലച്ചനും അദ്ദേഹത്തോടൊപ്പമുള്ള ടീമംഗങ്ങളുമാണ്.

ഈ സഭാനവീകരണവർഷത്തിൽ പാലാ രൂപതയിലെ ദൈവജനത്തിനു മുഴുവനുംവേണ്ടി നടത്തുന്ന വചനപ്രഘോഷണമാണിത്. അതിനാൽ, ഇടവകാംഗങ്ങളെല്ലാവരും ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും കുടുംബക്കൂട്ടായ്മാഭാരവാഹികളുടെയും ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ യഥാസമയം കൺവെൻഷനിൽ പങ്കെടുക്കേണ്ടതാണ്. സ്വന്തമായി വാഹനമുള്ളവരെല്ലാം കൺവെൻഷനിലേക്ക് ആളുകളെ കൊണ്ടുവരുന്നതിനായി അവ ഉപയോഗപ്പെടുത്തുമല്ലോ. ഓരോ ഇടവകയിൽനിന്നുമുള്ള യാത്രാസൗകര്യങ്ങളെക്കുറിച്ച് ബഹു. വികാരിയച്ചന്മാരും കമ്മിറ്റിയംഗങ്ങളും തമ്മിൽ ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അതിനായി കമ്മിറ്റിയംഗങ്ങളുടെയും സംഘടനാഭാരവാഹികളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും യോഗം ഡിസംബർ ആദ്യ ആഴ്ചയിൽത്തന്നെ നടത്തേണ്ടതാണ്. കുടുംബക്കൂട്ടായ്മാഭാരവാഹികൾ എല്ലാ ഭവനങ്ങളും സന്ദർശിച്ചു കുടുംബാംഗങ്ങളെയെല്ലാം കൺവൻഷനിലേക്കു ക്ഷണിക്കണം. കൺവെൻഷന്റെ അവസാനദിനങ്ങളിൽ (ശനി, ഞായർ, തിങ്കൾ) പ്രത്യേകിച്ച് ഡിസംബർ 21-ാം തീയതി നടക്കുന്ന യുവജനസമ്മേളനത്തിൽ നമ്മുടെ യുവജനങ്ങളുടെ (15 നും 35 നും ഇടയിൽ പ്രായമുള്ള) സാന്നിധ്യം ഉറപ്പുവരുത്താൻ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും വിശ്വാസപരിശീലകരും മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

നമ്മുടെ അമ്മയായ പരിശുദ്ധകന്യകാമറിയം ദൈവവചനത്തെ സ്വാഗതം ചെയ്യുന്നതിനും സ്വീകരിച്ച വചനത്തെ പ്രാവർത്തികമാക്കുന്നതിനും അനന്യസാധാരണമായ സിദ്ധിയുള്ളവളാണ്, നമുക്കു മാതൃകയാണ്. മർത്ത് മറിയത്തിന്റെയും മർത്ത് അൽഫോൻസാമ്മയുടെയും മധ്യസ്ഥത തേടിക്കൊണ്ട്

നമുക്ക് ദൈവവചനത്തിനായി കാത്തിരിക്കാം, ഹൃദയമൊരുക്കാം.

രൂപത ബൈബിൾ കൺവെൻഷനിലേക്ക് ഒരിക്കൽക്കൂടി എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 27.11.2024

---

NB: ഈ ഇടയലേഖനം 2024 ഡിസംബർ 1-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയർപ്പണമുള്ള കുരിശുപള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

സർക്കുലർ - 328

# എൽറോയ്
# പാലാ രൂപത പ്ലാറ്റിനം ജൂബിലി
# യുവജനസംഗമം

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ, യുവജനസുഹൃത്തുക്കളേ,

"എന്നെ കാണുന്നവനായ ദൈവത്തെ ഞാനും ഇവിടെ വച്ചു കണ്ടു" (ഉത്പത്തി 16:13). ഉത്പത്തിപ്പുസ്തകത്തിൽ മരുഭൂമിയിൽ അലഞ്ഞ ഹാഗാറിന്റെ കഷ്ടതകൾ കാണുകയും അവളെ സംരക്ഷിച്ച് അനുഗ്രഹിക്കുകയും ചെയ്ത ദൈവത്തെ ഹാഗാർ വിളിക്കുന്ന പേരാണ് 'എൽറോയ്'. ദൈവം കാണുന്നു എന്നാണ് ഇതിനർത്ഥം. നമ്മെ കാണുന്ന ദൈവത്തെ നമ്മൾ കണ്ടുമുട്ടുന്ന ഇടമാണ് എൽറോയ്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവന്റെ ആത്മബലം അവനെ കാണുന്ന, കാത്തിരിക്കുന്ന ഒരു ദൈവമുണ്ട് എന്നതാണ്. നമ്മളെല്ലാവരും ഈ അനുഭവത്തിലൂടെ കടന്നുപോകേണ്ടവരാണ്. 'ആരും എന്നെ ശ്രവിക്കാത്തപ്പോഴും, ദൈവം എന്നെ ശ്രവിക്കുന്നു' എന്ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ നമ്മളെ ഓർമ്മപ്പെടുത്തുന്നുണ്ട് (Spe Salvi). ഈ എൽറോയ് അനുഭവത്തിലൂടെ കടന്നുപോകാൻ, പാലാ രൂപതയിലെ എല്ലാ യുവജനങ്ങളെയും ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ സർക്കുലർ എഴുതുന്നത്.

യുവജനങ്ങളേ, നിങ്ങൾ സന്തോഷത്തെക്കുറിച്ചു സ്വപ്നം കാണുമ്പോൾ യഥാർത്ഥത്തിൽ മിശിഹായെയാണ് അന്വേഷിക്കുന്നതെന്നും അവിടുന്ന് നിങ്ങൾക്കുവേണ്ടി കാത്തിരിക്കുകയാണെന്നും ലോകത്തോടു വിളിച്ചുപറഞ്ഞത് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായാണ്. അതിവേഗത്തിലുള്ള സാങ്കേതികവികസനത്തിന്റെയും സോഷ്യൽ മീഡിയാ സ്വാധീ

നത്തിന്റെയും മാറിവരുന്ന സാംസ്കാരികമൂല്യങ്ങളുടെയും ഈ കാലഘട്ടത്തിൽ ഈശോയെ അനുനിമിഷം കണ്ടുമുട്ടാൻ യുവജനങ്ങൾക്കു സാധിക്കണം. ഈശോയുമായുള്ള ഈ വ്യക്തിപരമായ കൂടിക്കാഴ്ചയാണ് ക്രൈസ്തവ ആത്മീയത യുടെ അടിസ്ഥാനം.

ഈശോയുമായുള്ള ജീവനുള്ള ബന്ധം ഈ കാല ഘട്ടത്തിന്റെ അനിവാര്യതയാണ്. നമ്മെ നിരന്തരം കണ്ടുമുട്ടുന്ന ദൈവത്തെ നമ്മളും കണ്ടുമുട്ടണം. നമ്മുടെ യാത്രകളിലും ജോലിത്തിരക്കുകളിലും ഉല്ലാസവേളകളിലും ഏകാന്തതയിലും വിജയപരാജയങ്ങളിലും അവിടുത്തെ നമ്മൾ കണ്ടുമുട്ടണം. ആദ്യത്തെ സഹസ്രാബ്ദവിശുദ്ധൻ എന്നറിയപ്പെടുന്ന വാഴ്ത്ത പ്പെട്ട കാർലോ അകിറ്റസും ഇപ്രകാരം മിശിഹായെ തന്റെ ജീവിതത്തോടു ചേർത്തുപിടിച്ച വ്യക്തിയാണ്. 2025 മഹാ ജൂബിലിവർഷത്തെ മുന്നിൽക്കണ്ട് ഫ്രാൻസിസ് പാപ്പാ യുവ ജനങ്ങളോട് ആഹ്വാനം ചെയ്യുന്നത് പ്രത്യാശയുടെ തീർത്ഥാട കരാകാനും ദൈവത്തെ കണ്ടെത്താനുമാണ്.

ദൈവം തന്നോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു വെന്നു തിരിച്ചറിഞ്ഞ് അവിടുത്തെ കണ്ടുമുട്ടാൻ അവസരം തേടി നടക്കുന്ന യുവാവായ ഫ്രാൻസിസ് അസ്സീസിയെ ചരിത്ര ത്തിൽ നമ്മൾ കാണുന്നുണ്ട്. കൺമുമ്പിൽ കണ്ട ഒരു കുഷ്ഠ രോഗിയെ ഒരു ആന്തരികപ്രചോദനത്താൽ ഫ്രാൻസിസ് കെട്ടിപ്പിടിച്ചു ചുംബിച്ചപ്പോൾ അതു മിശിഹായെ കണ്ടുമുട്ടിയ ഒരു അനുഭവമായി മാറി. എനിക്കു കയ്പായി തോന്നിയതെല്ലാം എന്റെ ആത്മാവിനും ശരീരത്തിനും മധുരമായി മാറിയെന്നാണ് പുണ്യവാൻ ആ അനുഭവത്തെപ്പറ്റി പിന്നീട് രേഖപ്പെടുത്തിയത്. നമ്മെ കാണുന്ന, നമ്മുടെ സ്നേഹവും സാമീപ്യവും ആഗ്രഹി ക്കുന്ന ദൈവത്തെ നമ്മളും കണ്ടുമുട്ടണം. പാലാ രൂപതയുടെ പ്ലാറ്റിനംജൂബിലിവർഷത്തിലൊരുക്കുന്ന 'എൽറോയ്' യുവജന സംഗമം അപ്രകാരം ഒരു കണ്ടുമുട്ടലിനുള്ള വേദിയാണ്. പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ ഡിസംബർ 21-ാം തീയതി

ശനിയാഴ്ച രാവിലെ 8.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ നടത്തപ്പെടുന്ന യുവജനസമ്മേളനത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു. അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവ് തിരിതെളിക്കുന്ന ഈ സമ്മേളനം ആത്മീയപ്രഭാഷണങ്ങളാലും ഭക്തിസാന്ദ്രമായ ആരാധനയാലും മ്യൂസിക് ബാന്റുകളാലും അനുഗൃഹീതമായിരിക്കും. പ്രസിദ്ധ സിനി ആർട്ടിസ്റ്റായ സിജോയ് വർഗീസിന്റെ മഹനീയസാന്നിധ്യത്തിൽ ഈ യുവജനസംഗമം മികവുറ്റതായിരിക്കും.

നമ്മുടെ രൂപതയിലെ സൺഡേസ്കൂളിലെ 10, 11, 12 ക്ലാസുകളിലെ മുഴുവൻ കുട്ടികളും 35 വയസ്സുവരെയുള്ള മറ്റു യുവജനങ്ങളും ഈ സമ്മേളനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇപ്രകാരം ഓരോ ഇടവകയിൽനിന്നും യുവജനസംഗമത്തിൽ പങ്കെടുക്കേണ്ടവരുടെ പേരുവിവരങ്ങൾ ഡിസംബർ 12-ാം തീയതി വ്യാഴാഴ്ചയ്ക്കകം രൂപതാകേന്ദ്രത്തിൽ (Bro. Akhil -9497324054, Edwin -8281984019, Don-9072843419) അറിയിക്കേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും സംഗമത്തിൽ പങ്കെടുക്കാൻ എത്തിച്ചേരുന്നവർക്കു വേണ്ട യാത്രാസൗകര്യങ്ങൾ ക്രമീകരിക്കാൻ ബഹു. വികാരിയച്ചൻമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. യുവജനസംഗമത്തിൽ ഓരോ ഇടവകയിൽനിന്നും പരമാവധി യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ SMYM, CML, ജീസസ് യൂത്ത്, CSM തുടങ്ങിയ സംഘടനകളുടെയും യുവജനശുശ്രൂഷയ്ക്കു നേതൃത്വം നൽകുന്ന ബഹു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും യോഗപ്രതിനിധികളുടെയും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും നേതൃത്വത്തിൽ നടത്തേണ്ടതാണ്. യുവജനസംഗമത്തിനുശേഷം കുമ്പസാരിക്കാനും കൺവെൻഷനിൽ പങ്കെടുക്കാനുമുള്ള സൗകര്യം കൂടി യുവജനങ്ങൾ പ്രയോജനപ്പെടുത്തി ക്രിസ്തുമസിന് ഒരുങ്ങുവാൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ രൂപതയുടെ കരുത്തായ യുവജനങ്ങളെ ആത്മീയമായി നവീകരിക്കാനും ഐക്യത്തിലും

സമുദായസ്നേഹത്തിലും ശക്തിപ്പെടുത്താനും ലക്ഷ്യം വയ്ക്കുന്ന ഈ സംഗമത്തിന്റെ വിജയത്തിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുമല്ലോ.

വി. അൽഫോൻസാമ്മയുടെയും യുവജനങ്ങളുടെ മധ്യസ്ഥനായ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെയും മാധ്യസ്ഥ്യംവഴി നമ്മുടെ ഉദ്യമങ്ങളെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 20.11. 2024

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB: ഈ സർക്കുലർ നവംബർ 24-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

Prot. No. 1133/2024

## സർക്കുലർ

# സീറോമലബാർ
# പ്രേഷിതവാരാചരണം 2025

സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2025 ജനുവരി 6 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ സീറോ മലബാർസഭയിൽ പ്രേഷിതവാരം ആചരിക്കുകയാണല്ലോ. നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പരിചയപ്പെടുന്നതിനും പ്രേഷിതരെ നന്ദിയോടെ ഓർക്കുന്നതിനും പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രേഷിതർക്കും പ്രേഷിതപ്രവർത്തനങ്ങൾക്കുംവേണ്ടി പ്രാർഥിക്കുന്നതിനുംവേണ്ടിയാണ് ഈ പ്രേഷിതവാരം വർഷങ്ങളായി നമ്മൾ ആചരിച്ചുവരുന്നത്.

മാമ്മോദീസാ സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതയും പ്രേഷിതനുമാണ്. ഈശോയാണ് ഈ പ്രേഷിതാത്മകതയുടെ സ്രോതസ്സ്. ഈശോയുടെ മൗതികശരീരമായ തിരുസ്സഭ, അവിടുത്തെ ദൗത്യമാണു തുടർന്നുകൊണ്ടിരിക്കുന്നത്. ഈശോ ശിഷ്യന്മാരോടു കല്പിച്ച കാര്യങ്ങൾ - പോവുക, സുവിശേഷം പ്രസംഗിക്കുക, ശിഷ്യപ്പെടുത്തുക, സ്നാനപ്പെടുത്തുക, പഠിപ്പിക്കുക, കൂദാശകളിലൂടെ വിശുദ്ധീകരിക്കുക, നയിക്കുക, നന്മ ചെയ്തു ചുറ്റി സഞ്ചരിക്കുക, പ്രാർഥനയിൽ ദൈവവുമായി ഐക്യപ്പെടുക, ഐക്യത്തിൽ സമൂഹമായിരിക്കുക - എന്നിവ ചെയ്യുമ്പോൾ നമ്മൾ പ്രേഷിതപ്രവർത്തനമാണു നടത്തുന്നത്.

വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: “ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു” (1:1). താൻ കണ്ടതും കേട്ടതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെയാണു നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ നമ്മോടു പ്രഘോഷിച്ചതും നമുക്കു പകർന്നുതന്നതും. ആകയാൽ, പ്രേഷിതചൈതന്യം സ്വന്തമാക്കാൻ നാം ആദ്യം ചെയ്യേണ്ടത് ഈശോയെ വ്യക്തിപരമായി കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ദൈവാനുഭവമുള്ള വ്യക്തി തന്റെ സഹോദരങ്ങളിൽ ദൈവത്തെ നിശ്ചയമായും കണ്ടെത്തുന്നു. ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ഇഴയടുപ്പം യോഹന്നാൻ ശ്ലീഹാ ഇപ്രകാരം അവതരിപ്പിക്കുന്നു: “കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല”(1 യോഹ. 4:20). ദൈവവചനത്തിലൂടെയും പ്രാർഥനയിലൂടെയും കൂദാശകളിലൂടെയും ദൈവവുമായുള്ള ഐക്യം പ്രാപിക്കുന്നതിന്റെ പ്രകാശനവും പ്രതിഫലനവുമായിരിക്കണം നമ്മുടെ ശുശ്രൂഷാമേഖലകൾ. ഈശോയുടെ മുഖം അപരനിൽ കണ്ടുമുട്ടുന്ന സാഹചര്യങ്ങളും സാധ്യതകളുമാണ് നമ്മുടെ സ്ഥാപനങ്ങൾ. സീറോമലബാർസഭയിൽ നമുക്കു ധാരാളം സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും കേന്ദ്രങ്ങളായി മാറുമ്പോഴാണ് അവ മറ്റുള്ളവർക്കു സുവിശേഷമായി മാറുന്നത്. ഈ മേഖലയിൽ ഫലപ്രദമായ സാക്ഷ്യം നല്കാൻ നമുക്കു സാധിക്കുന്നുണ്ടോയെന്നത് ആത്മപരിശോധനയുടെ വിഷയമാണ്.

പ്രേഷിതപ്രവർത്തനം ആരുടെ ഉത്തരവാദിത്വമാണ് എന്നത് ഗൗരവതരമായ വിശകലനം ആവശ്യമുള്ള ചോദ്യ

മാണ്. ശുശ്രൂഷാപൗരോഹിത്യം പ്രത്യേകമായി സ്വീകരിച്ചിരിക്കുന്ന മെത്രാന്മാരും വൈദികരും ഡീക്കന്മാരും പൊതുപൗരോഹിത്യം മാമ്മോദീസായിലൂടെ സ്വീകരിച്ചിരിക്കുന്ന സമർപ്പിതരും അല്മായരും ഒന്നിച്ചു പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതരാകണമെന്നതാണു തിരുസ്സഭ ആഗ്രഹിക്കുന്നത്. പ്രേഷിതവേല വൈദികർക്കും സമർപ്പിതർക്കുംവേണ്ടി മാത്രമുള്ളതല്ല, മാമ്മോദീസ സ്വീകരിച്ച എല്ലാവരും സ്വീകരിക്കേണ്ട ജീവിതദൗത്യമാണത്.

വൈദികരും സമർപ്പിതരും പ്രേഷിതവേലയ്ക്കായി സമയം പൂർണമായും മാറ്റിവയ്ക്കുമ്പോൾ അല്മായർക്ക് എപ്രകാരമാണ് ഈ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകാൻ സാധിക്കുന്നതെന്ന് 2024 ഓഗസ്റ്റുമാസത്തിൽ നടന്ന സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി വിചിന്തനം ചെയ്യുകയുണ്ടായി. പ്രേഷിതർക്കും പ്രേഷിതപ്രവർത്തനങ്ങൾക്കും വേണ്ടി നിരന്തരം പ്രാർഥിക്കാനും പ്രായശ്ചിത്തപ്രവൃത്തികൾ കാഴ്ചവയ്ക്കാനും അല്മായർക്കും സാധിക്കുമെന്നതു വലിയ പ്രേഷിതപ്രവർത്തനമായി അസംബ്ലി എടുത്തുപറയുകയുണ്ടായി. നമുക്കു ചുറ്റുമുള്ള സാഹചര്യങ്ങൾ നിസ്വാർഥമായ പ്രേഷിത ഇടപെടലുകൾ ആവശ്യപ്പെടുന്നുണ്ട്. ഇവയ്ക്കായി സമയവും സമ്പത്തും മാറ്റിവയ്ക്കാൻ തങ്ങളുടെ ജീവിതാവസ്ഥയിൽനിന്നുകൊണ്ട് അല്മായർക്കും സാധിക്കുന്നതാണ്. നമ്മുടെ സഭ പ്രവാസികളുടെ സഭയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിവിധ ജോലികൾക്കായി ജന്മദേശം വിട്ട് സ്വദേശത്തെ മറ്റു സ്ഥലങ്ങളിലും വിദേശങ്ങളിലും പോകുന്നവർ ഒരു പ്രേഷിതസമൂഹമായി പരിണമിക്കേണ്ടിയിരിക്കുന്നു. പ്രവാസലോകത്തുള്ള നമ്മുടെ സഭാംഗങ്ങളുടെ വിശ്വാസജീവിതംതന്നെ വലിയ ഒരു പ്രേഷിതസാക്ഷ്യമാണ്. ക്രൈസ്തവ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്ന കുടുംബജീവിതവും തങ്ങൾ ആയിരിക്കുന്ന സ്ഥലത്തുള്ള ഇടവകജീവിതവും പ്രവാസികളുടെ പ്രേഷിതസാക്ഷ്യത്തിന്റെ അടിസ്ഥാനപരമായ ആദ്യപടി

യാണ്. തങ്ങളായിരിക്കുന്നയിടങ്ങളിൽ സുവിശേഷത്തിന്റെ പ്രേഷിതരാകാൻ എല്ലാ പ്രവാസിമക്കളോടും ഈ സന്ദർഭത്തിൽ ഞാൻ ആഹ്വാനംചെയ്യുന്നു.

സീറോമലബാർസഭയുടെ എല്ലാ മിഷൻരൂപതകളും പ്രത്യേകമായവിധത്തിൽ നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനമേഖലകളാണ്. ഇവിടങ്ങളിലെല്ലാം വിദ്യാഭ്യാസം, ആതുരസേവനം, സമൂഹികസേവനം എന്നീ മേഖലകളിൽ വലിയ സേവന സാധ്യതകളാണ് നിലനില്ക്കുന്നത്. ഈ പ്രദേശങ്ങളിലേക്ക് അധ്യാപകരായും നേഴ്സുമാരായും ഡോക്ടർമാരായും മറ്റ് ആരോഗ്യപ്രവർത്തകരായും സാമൂഹികപ്രവർത്തകരായും കടന്നുചെല്ലാൻ അല്മായർക്കും സാധിക്കും. ഈ സാധ്യത സീറോമലബാർസഭയിലെ അല്മായരും മിഷൻരൂപതകളും വേണ്ടവിധം പ്രയോജനപ്പെടുത്തണം.

പ്രേഷിതപ്രവർത്തനങ്ങളുടെ അടിസ്ഥാനം ഈശോയുടെ സുവിശേഷമാണ്. അതിനാൽ, സുവിശേഷം പ്രസംഗിക്കുക എന്ന അടിസ്ഥാനപരമായ ദൗത്യം നിർവഹിക്കാതെ പ്രേഷിത പ്രവർത്തനം പൂർണമാകുകയില്ല. എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാനുള്ള ഈശോയുടെ കല്പന സമകാലികസമൂഹത്തിൽ നിർവഹിക്കാനുള്ള നൂതനമായ മാർഗമാണ് മാധ്യമങ്ങളും നവസമൂഹമാധ്യമങ്ങളും. സോഷ്യൽ മീഡിയയിൽ വളരെയേറെ സമയം ചെലവഴിക്കുന്നവർക്കും അവയുടെ ഉപയോഗത്തിൽ കൂടുതൽ വൈദഗ്ധ്യമുള്ളവർക്കും കൂടുതൽ ഫലപ്രദമായി സുവിശേഷം പങ്കുവയ്ക്കാൻ സാധിക്കും. ഈ മേഖലയിൽ പ്രാവീണ്യമുള്ള എല്ലാവരോടും, പ്രത്യേകിച്ച് പ്രിയപ്പെട്ട യുവജനങ്ങളോട് സമൂഹമാധ്യമങ്ങളിൽ ഈശോയുടെ പ്രേഷിതരാകാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. മാധ്യമങ്ങളിലൂടെയും നവസമൂഹമാധ്യമങ്ങളിലൂടെയും സുവിശേഷം വിവിധ രീതികളിൽ പ്രഘോഷിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം വർഷം പ്രത്യേക ജൂബിലിയായി ആഘോഷിക്കുകയാണല്ലോ. ഈയവസരത്തിൽ പരിശുദ്ധപിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ നമുക്കും പ്രത്യാശയുടെ തീർഥാടകരായ പ്രേഷിതരാകാം. ഫ്രാൻസിസ് മാർപാപ്പാ ഈ വർഷത്തെ തന്റെ ആഗോളപ്രേഷിതദിനസന്ദേശത്തിൽ എഴുതിയത് നമ്മുടെ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. കർത്താവു സ്വർഗത്തിൽ നമുക്കായി തയ്യാറാക്കിയിരിക്കുന്ന വിരുന്നിലേക്കു നമ്മുടെ സഹോദരീസഹോദരന്മാരെ ക്ഷണിക്കുന്ന പ്രേഷിതരാകാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. തന്റെ വിരുന്നിന് ആദ്യം ക്ഷണിക്കപ്പെട്ടവർ വരാതിരുന്നപ്പോൾ തെരുവിൽ കാണുന്ന എല്ലാവരെയും ക്ഷണിക്കാൻ ആളെ അയച്ചവനാണ് നമ്മുടെ ദൈവം. അർഹതയുണ്ട് എന്നു സ്വയം കരുതുന്നവർ അർഹിക്കുന്ന ക്ഷണം നിഷേധിക്കുമ്പോൾ, അർഹതയില്ല എന്നു കരുതിയിരുന്നവർ ക്ഷണിക്കപ്പെടുകയാണ്. പ്രത്യാശയുടെ സുവിശേഷമായ ദൈവികവിരുന്നിലേക്കുള്ള ക്ഷണക്കത്ത് നമുക്കു ചുറ്റുമുള്ള പ്രത്യാശ നഷ്ടപ്പെട്ടവരിലേക്ക് എത്തിച്ചുനല്കാൻ ഈ പ്രേഷിതവാരാചരണത്തിലൂടെ സാധിക്കട്ടെ.

സീറോമലബാർസഭ പ്രേഷിതവാരം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഭാരതത്തിലും വിദേശങ്ങളിലും പ്രേഷിതരംഗത്തു ശുശ്രൂഷ ചെയ്യുന്ന എല്ലാ സഭാമക്കളെയും നന്ദിയോടെ ഓർക്കുകയും അവർക്കു ദൈവികസംരക്ഷണമുണ്ടാകാൻ പ്രാർഥിക്കുകയും ചെയ്യാം. പ്രേഷിതമേഖലകളിൽ തീക്ഷ്ണതയോടെ വ്യാപരിക്കുന്ന രൂപതകളെയും വൈദികരെയും സമർപ്പിതരെയും പ്രത്യേകിച്ച് അല്മായനേതൃത്വത്തിൽ പ്രേഷിതപ്രവർത്തനം നടത്തുന്ന വിവിധ ഗ്രൂപ്പുകളെയും പ്രത്യേകമായി നമുക്കനുസ്മരിക്കാം.

ഈ വർഷത്തെ പ്രേഷിതവാരാചരണം ഫലപ്രദമായി നടത്താൻ നമ്മുടെ സഭയിലെ എല്ലാ രൂപതകളും സംഘടനകളും

സംവിധാനങ്ങളും പ്രത്യേകമായി താത്പര്യമെടുക്കണമെന്നു ഞാനാഗ്രഹിക്കുന്നു. യുവജനങ്ങളും സൺഡേസ്കൂൾ കുട്ടികളുമുൾപ്പെടെ എല്ലാവരിലേക്കും മിഷൻചൈതന്യം പകർന്നു നല്കാൻ പര്യാപ്തമായ ആഘോഷപരിപാടികൾ എല്ലായിടവകകളിലും സംഘടിപ്പിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻകാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോടു മുൻവർഷങ്ങളിലെന്നതുപോലെ ഉദാരമായി സഹകരിക്കണമെന്നും എല്ലാവരോടും അഭ്യർഥിക്കുന്നു.

എല്ലാവർക്കും പുതുവർഷത്തിൽ സന്തോഷവും സമാധാനവും സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2024 നവംബർ 25-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

1. ഈ സർക്കുലർ 2024 ഡിസംബർ 29-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2025 ഫെബ്രുവരി 20 നു മുമ്പായി എത്തിക്കേണ്ടതാണ്.

## ആരാധനാവർഷാരംഭം

ബഹു.വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

2024 ഡിസംബർ 1-ാം തീയതി ഞായറാഴ്ച പുതിയ ആരാധനാവത്സരത്തിലേക്കു തിരുസ്സഭ പ്രവേശിക്കുകയാണ്. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ രക്ഷണീയകർമ്മങ്ങൾ ആണ്ടുവട്ടത്തിലെ വിവിധ കാലങ്ങളിലൂടെ അനുസ്മരിച്ച് ദൈവാനുഭവവും നിത്യരക്ഷയും നേടുന്നതിന് ആരാധനാവത്സരത്തിലൂടെ ആത്മീയജീവിതം നയിക്കുമ്പോൾ നമുക്കു സാധിക്കും. ദൈവാരാധനാവർഷവുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന നിർദേശങ്ങൾ പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

1. 2024 നവംബർ 30-ാം തിയതി ശനിയാഴ്ച വൈകുന്നേരത്തെ റംശാ നമസ്കാരത്തോടെ മംഗളവാർത്തക്കാലം (സുവാറ) ആരംഭിക്കുന്നു.

2. പിറവിത്തിരുനാളിനൊരുക്കമായുള്ള 25 നോമ്പ്, ഡിസംബർ 1-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്നതാണ്.

3. മംഗളവാർത്തക്കാലം ആരംഭിക്കുന്ന ദിനംമുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ മാർ തെയോദോറിന്റെ കൂദാശക്രമത്തിൽ (രണ്ടാമത്തെ കൂദാശക്രമം) ആണ് പരിശുദ്ധ കുർബാന അർപ്പിക്കേണ്ടത്.

4. ആരാധനാവത്സരത്തിലെ അഞ്ചുദിവസങ്ങളിൽ മാർ നെസ്തോറിയസിന്റെ കൂദാശക്രമത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കണം. ദനഹാത്തിരുനാൾ, മൂന്നുനോമ്പിന്റെ ബുധനാഴ്ച, മാർ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാൻമാരുടെ വെള്ളി, പെസഹാവ്യാഴംഎന്നിവയാണ് ആ ദിവസങ്ങൾ.

5. ഡിസംബർ 1-ന് ആരംഭിക്കുന്ന പുതിയ ആരാധനാവത്സരത്തിൽ ഒന്നാംഗണംവായനകളാണ് ഉപയോഗിക്കേണ്ടത്. ഒന്നാംഗണം വായനകൾ ഉൾക്കൊള്ളുന്ന പ്രഘോഷണഗ്രന്ഥം 2013 ൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽനിന്നു പ്രസിദ്ധീ

കരിച്ചിട്ടുള്ളതും നമ്മുടെ രൂപതയിൽ ഉപയോഗത്തിലുള്ളതുമാണ്. പ്രസ്തുത വായനാപുസ്തകങ്ങൾ (കെറിയാന-പഴയനിയമം, എങ്കർത്ത-ലേഖനം & ഏവൻഗേലിയോൻ - സുവിശേഷം) ഈ ആരാധനാവർഷത്തിൽ ഉപയോഗിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 25.11.2024

# ബൈബിൾ കൺവെൻഷൻ കുമ്പസാരം

ബൈബിൾ കൺവെൻഷൻ ദിവസങ്ങളിലെ കുമ്പസാരം സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികരുടെ പേരും സമയവിവരവും താഴെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ കൃത്യസമയത്തുതന്നെ വന്ന് സദയം സഹകരിക്കണമെന്നു താത്പര്യപ്പെടുന്നു.

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 28.11.2024

**20-12-2024**

**Time 9.30 am to 11.00 am**

| | |
|---|---|
| 1. Fr. Vazhayil Antony | 4. Fr. Chovelikudiyil James |
| 2. Fr. Choorackal Joseph | 5. Fr. Ennackappallil Mathew |
| 3. Fr. Choorakkatt George | |

**Time 11.00 am to 12.30 pm**

| | |
|---|---|
| 1. Fr. Ambattu Joseph | 4. Fr. Chillackal Thomas |
| 2. Fr. Mecheril Joseph | 5. Fr. Chollanal George |
| 3. Fr. Kalayil Kurian | |

**Time 4.00 pm to 6.00 pm**

| | |
|---|---|
| 1. Fr. Alanickal Joseph | 16. Fr. Arimattath Joseph |
| 2. Fr. Alappattumedayil Mathew | 17. Fr. Attangattil Joseph |
| 3. Fr. Alappattukottayil Sebastian | 18. Fr. Attappatt Zacharias |
| 4. Fr. Alencheril Joseph | 19. Fr. Ayallukunnel Thomas |
| 5. Fr. Ambazhathinal George | 20. Fr. Brahmanavelil Thomas |
| 6. Fr. Ammanathukunnel Joseph | 21. Fr. Chakkalackal Joseph |
| 7. Fr. Ammottukunnel Mathew | 22. Fr. Chandrankunnel Mathew |
| 8. Fr. Ampzhathumkal George | 23. Fr. Chathankunnel George |
| 9. Fr. Andassery James | 24. Fr. Chavelil John |
| 10. Fr. Anithanam Kurian | 25. Fr. Cheeramkuzhy George |
| 11. Fr. Anithottathil Gervasis | 26. Fr. Cheeramkuzhy Michael |
| 12. Fr. Arackal Joseph | 27. Fr. Chengazhacheril Joseph |
| 13. Fr. Arackaparambil Mathew | 28. Fr. Chennattu Mathew |
| 14. Fr. Aranjani Puthenpura Augustine | 29. Fr. Cheripurathu Sebastian |
| 15. Fr. Aranjani Puthenpura Joseph | 30. Fr. Cherukarakunnel Joseph |

**Time 6.00 pm to 8.00 pm**

1. Fr. Eruppakkattu Philip
2. Fr. Eruvelikunnel Antony
3. Fr. Ettackakunnel George
4. Fr. Ettumanukaran Alvin
5. Fr. Ettuparayil Sebastian
6. Fr. Ezhuparayil Joseph
7. Fr. Illimoottil Joseph
8. Fr. Illimoottil Thomas
9. Fr. Kachiramattom Augustine
10. Fr. Kadalikattil Mathew
11. Fr. Kadankavil Mathew
12. Fr. Kadhaliyil Joseph
13. Fr. Kaitholil Joseph
14. Fr. Kakkaniyil Abraham
15. Fr. Kalachirayil Thomas
16. Fr. Kalappurackal Joseph
17. Fr. Kalayil Mathew
18. Fr. Kaniyampadickal Sebastian
19. Fr. Kaniampady Mathew
20. Fr. Kannanthanam John
21. Fr. Kappil Joseph
22. Fr. Kappiliparambil Kuriakose
23. Fr. Karamvelil George
24. Fr. Karottukizhakkel Thomas
25. Fr. Kattipparampil Thomas
26. Fr. Kavalammackal Mathew
27. Fr. Kavanadimalayil Mathew
28. Fr. Kizhake Aranjaniyil George
29. Fr. Kizhakkekkara Thomas
30. Fr. Kochayyankanal James

**21-12-2024**
**Time 10.00 am to 12.00 pm**

1. Fr. Manankal John
2. Fr. Mecheril Augustine
3. Fr. Nangaparampil Antony
4. Fr. Pariyarathu Thomas
5. Fr. Pariyappanal Johnson

**Time 2.00 pm to 4.00 pm**

1. Fr. Cheenothuparampil Joseph
2. Fr. Edathinal Francis
3. Fr. Kandathikudiyil Augustine
4. Fr. Kavumpurathu George
5. Fr. Kochodackal Thomas
6. Fr. Kochukaippettiyil Cyriac
7. Fr. Kochumuriyil Joseph
8. Fr. Kolath Mathew
9. Fr. Kolliyil Antony
10. Fr. Konookunnel Joseph
11. Fr. Kurumuttathu Joseph
12. Fr. Panthiruvelil Mathew
13. Fr. Pendanam Sebastian
14. Fr. Puthuparampil Thomas
15. Fr. Thalavayalil Abraham
16. Fr. Thannickapara Joseph
17. Fr. Thennattil Mathew
18. Fr. Thonakkara Antony
19. Fr. Vadakkekara Michael
20. Fr. Vattamukalel Kuriackose

**Time 4.00 pm to 6.00 pm**

1. Fr. Kakkallil Jose
2. Fr. Kallarackal Martin
3. Fr. Kaniyodickal Joseph
4. Fr. Kizhakkeparampil Michael

5. Fr. Kollamparampil Devasia
6. Fr. Kollithanathumalayil Abraham
7. Fr. Koottiyaniyil Augustine
8. Fr. Koramkuzha Mathew
9. Fr. Kottarathil Eammanuel
10. Fr. Kottarathil George
11. Fr. Kottayil Joseph
12. Fr. Kottayil Kurian
13. Fr. Kottukappally Luckose
14. Fr. Kudilil James
15. Fr. Kulamakkal Abraham
16. Fr. Kumbulumoottil Sebastian
17. Fr. Kuttiankal Joseph
18. Fr. Kuttikkatt Thomas
19. Fr. Kuttiyanickal Mathew
20. Fr. Kuzhimullil Abraham
21. Fr. Kuzhivelithadathil Joseph
22. Fr. Madathikunnel Joseph
23. Fr. Madathiparampil Joseph
24. Fr. Madathiparampil Thomas
25. Fr. Madickangal James
26. Fr. Malayilputhenpura Thomas
27. Fr. Maleparampil Joseph
28. Fr. Manarkattu Joseph
29. Fr. Mangalath James
30. Fr. Manianchira Joseph

**21-12-2024**
**Time 6.00 pm to 8.00 pm**

1. Fr. Kozhuppankutty Mani
2. Fr. Kulangara Philip
3. Fr. Kumbalumkal Mathew
4. Fr. Kunnackattu Cherian
5. Fr. Kunnackattu Cherian
6. Fr. Kunnumpuram Berchmans
7. Fr. Kuruppasseriyil Joseph
8. Fr. Kuttarappallil John
9. Fr. Malamackal Scaria
10. Fr. Mannoor Thomas
11. Fr. Mathilakath Mathew
12. Fr. Mattamundayil John
13. Fr. Menamparampil Scaria
14. Fr. Meyickel Joseph
15. Fr. Modiyil Scaria
16. Fr. Moolayil Cherian
17. Fr. Moongamakel Vincent
18. Fr. Mundackal Joseph
19. Fr. Naduthadam John
20. Fr. Naduvilekoot Ignatius
21. Fr. Olayathil Thomas
22. Fr. Olickalputhenpura Thomas
23. Fr. Paikada Alexander
24. Fr. Palackathadathil Abraham
25. Fr. Pallackal Joseph
26. Fr. Panachikal Karottu James
27. Fr. Panangattu Mathew
28. Fr. Pandiamackal Joseph
29. Fr. Panthalanickal Christy
30. Fr. Panthalanickal Mathew

**22-12-2024**
**Time 9.30 am to 11.00 am**

1. Fr. Periappuram Emmanuel
2. Fr. Porunnolil James
3. Fr. Thadathil Mathew
4. Fr. Thayil Antony
5. Fr. Vadakkel Jacob
6. Fr. Valloothadathil Joseph
7. Fr. Vayalil James
8. Fr. Vazhacharickal Thomas
9. Fr. Vettathel Joseph
10. Fr. Vethanath Sebastian

**Time 11.00 am to 12.30 pm**

1. Fr. Kadookunnel Mathew
2. Fr. Vattappalam Devasiachan
3. Fr. Kunnappallil Jose
4. Fr. Kuzhinjalil Jose
5. Fr. Madukavil George
6. Fr. Mookkenthottathil Joseph
7. Fr. Pandiamackel Joseph
8. Fr. Periyappurathu Abraham
9. Fr. Potheettel Job
10. Fr. Pottakulam Jacob
11. Fr. Vettukallel James
12. Fr. Vilakunnel Joseph

**Time 4.00 pm to 6.00 pm**

1. Fr. Edathumparampil Joseph
2. Fr. Kadaplackal Sebastian
3. Fr. Karikulam Joseph
4. Fr. Koonanickal Joseph
5. Fr. Kunnumpurathu Paul
6. Fr. Kuruvachira Joanny
7. Fr. Mamalasseril Tom
8. Fr. Mannanal Joseph
9. Fr. Mannukuzhumpil George
10. Fr. Menachery Thomas
11. Fr. Moolechalil Thomas
12. Fr. Mukaleparambil Joseph
13. Fr. Naduvilekoot Michael
14. Fr. Narikkat Michael
15. Fr. Narithookil Joseph
16. Fr. Nellikunnucherivupurayidom George
17. Fr. Njarakkattil Joseph
18. Fr. Njarakunnel George Varghese
19. Fr. Njavally Thomas
20. Fr. Olickal Thomas
21. Fr. Pakkarampel John
22. Fr. Palackaparambil Augustine
23. Fr. Panampuzha Joseph
24. Fr. Pandarakappil Alex
25. Fr. Parackal Paul
26. Fr. Paraplackal Augustine
27. Fr. Parathotty Mathew
28. Fr. Paravummel Joseph
29. Fr. Pariath Joseph

**Time 6.00 pm to 8.00 pm**

1. Fr. Mattam John
2. Fr. Moolechalil George
3. Fr. Mulanjanal Joseph
4. Fr. Njaralakkattu Antony
5. Fr. Ozhukayil George
6. Fr. Panthiruvelil Martin
7. Fr. Parampithadathil George
8. Fr. Parekkattu Emmanuel
9. Fr. Parekunnel George
10. Fr. Pulleettu Johnson
11. Fr. Punnathanathu Thomas
12. Fr. Purayidathil Joseph
13. Fr. Puthettu Cyriac
14. Fr. Puthiyaparampil Jacob
15. Fr. Thadathil Cyriac
16. Fr. Thadathil Kurian
17. Fr. Thakadiyel Abraham
18. Fr. Thannimalayil Thomas
19. Fr. Tharappel George
20. Fr. Thayil Joseph
21. Fr. Vanchipurackal Joseph
22. Fr Varakukalaparampil George
23. Fr. Varickamackal Kurian
24. Fr. Vayalil Joseph

| | |
|---|---|
| 25. Fr. Vazhackapara Joseph | 28. Fr. Vettukallel George |
| 26. Fr. Vazheparambil Zacharia | 29. Fr. Vettukallel Sebastian |
| 27. Fr. Vellachalil Kuriakose | 30. Fr. Vettukattil Thomas |

**23-12-2024**
**Time 9.30 am to 11.am**

| | |
|---|---|
| 1. Fr. Pullukalayil Mathew | 6. Fr. Varickamakal Augustine |
| 2. Fr. Tharappel Jose (Sr) | 7. Fr. Kanjirathumkal Emmanuel |
| 3. Fr. Thottunkal Thomas | 8. Fr. Vazackaparayil Mathew |
| 4. Fr. Vadakkekkuttu Joseph | 9. Fr. Velamparampil Cyrus |
| 5. Fr. Valiyavettil Kalappura Sebastian | 10. Fr. Velooparambil George |

**Time 11.00 am to 12.30 pm**

| | |
|---|---|
| 1. Fr. Madhurappuzha Thomas | 6. Fr. Pulinthanathu Kuriakose |
| 2. Fr. Mampallikunnel Sebastian | 7. Fr. Pullukalayil George |
| 3. Fr. Maprakarottu Sebastian | 8. Fr. Punnathanathukunnel Mathew |
| 4. Fr. Muthuplackal Mathew | 9. Fr. Puthiyamattom John |
| 5. Fr. Pulickaparampil Mathew | 10. Fr. Puthoor Sebastian |

**Time 4.00 pm to 6.00 pm**

| | |
|---|---|
| 1. Fr. Vettukallel George | 16. Fr. Thadickaparampil Kuriackose |
| 2. Fr. Keeranchira Jose | 17. Fr. Tharappel Jose (Jr) |
| 3. Fr. Muthanattu Joseph | 18. Fr. Thayil Thomas |
| 4. Fr. Nellickatheruvil Jose | 19. Fr. Thekkel Joseph (Jr) |
| 5. Fr. Padickakuzhippil Sebastian | 20. Fr. Thekkel Mathew |
| 6. Fr. Palithottam John | 21. Fr. Theruvil George |
| 7. Fr. Panackakuzhiyil Thomas | 22. Fr. Thevarkunnel Mathew |
| 8. Fr. Pariath Joseph | 23. Fr. Vadakara Joseph |
| 9. Fr. Pazheparampil George | 24. Fr. Vadakkel Cyriac |
| 10. Fr. Peedikayil Mathew | 25. Fr. Vadakkemangalath Joseph |
| 11. Fr. Ponnamvarickayil George | 26. Fr. Vadakkenellikattil Joseph |
| 12. Fr. Paliurumbil James | 27. Fr. Vadakkethottilyil George |
| 13. Fr. Puthumana Joseph | 28. Fr. Vallompurayidathil Jose |
| 14. Fr. Thadathil Joseph (sr) | 29. Fr. Vattamattathil Philip |
| 15. Fr. Thadathil Joseph (Jr) | |

**Time 6.00 pm to 8.00 pm**

| | |
|---|---|
| 1. Fr. Pathickelputhenpurayil Kuriakose | 4. Fr. Peedikamalayil Augustine |
| 2. Fr. Pattery Thomas | 5. Fr. Peringamalayil Issac |
| 3. Fr. Pazheparampil Sebastian | 6. Fr. Polachirakunnumpuram George |

7. Fr. Polakatt Kurian
8 Fr. Poovathumkal Jose
9. Fr. Poyyaniyil Joseph
10. Fr. Thayil Joseph
11.Fr. Thayil Mathew
12. Fr. Thekkumcherikunnel Sebastian
13. Fr. Thengumpallil Joseph
14. Fr. Thonikuzhiyil Sebastian
15. Fr. Vadakkethakidiyel Kuriakose
16. Fr. Vadayattukuzhy George
17. Fr. Vattappillil Joseph
18. Fr. Theruvil Joseph
19. Fr. Vazhacharickal Mathew
20. Fr. Vazhakalayil Antony
21. Fr. Vazhayil Thomas
22. Fr. Vekathanam Scaria
23. Fr. Vennayappillil Mathew
24. Fr. Vettukallel Mathew

# COLLECTION LIST 2024

| Sl. NO | Parishes | JESUS FRATERNITY | JUSTICE SUNDAY | PALA CARITAS | MASS MEDIA |
|---|---|---|---|---|---|
| 1 | ADIVARAM | 450.00 | 475.00 | 450.00 | 300.00 |
| 2 | ADUKAM | 500.00 | 1000.00 | | |
| 3 | AIMCOMBU | 1000.00 | 2000.00 | 3000.00 | 1,000.00 |
| 4 | ALPHONSAGIRI | 500.00 | 500.00 | 500.00 | 500.00 |
| 5 | ALPHONSAPURAM | 500.00 | 500.00 | | |
| 6 | AMPARANIRAPPEL | 1000.00 | 1000.00 | 1000.00 | 1,000.00 |
| 7 | ANTHIALAM | 1000.00 | 1500.00 | 15000.00 | 1,000.00 |
| 8 | ANTHINADU | | | | |
| 9 | ARAKULAM NEW | | 10000.00 | | |
| 10 | ARAKULAM OLD | | | | |
| 11 | ARUNAPURAM | 2000.00 | 4000.00 | 15000.00 | |
| 12 | ARUNOOTTIMANGALAM | 1,732.00 | 2137.00 | 12817.00 | 1,435.00 |
| 13 | ARUVITHURA | 20750.00 | 26150 | 29,750.00 | 20,290.00 |
| 14 | AYYAMPARA | | | | |
| 15 | BHARANANGANAM FORANE | 3,500.00 | | | |
| 16 | CHAKKAMPUZHA | 5,180.00 | 8690.00 | 7750.00 | 7,400.00 |
| 17 | CHEMMALAMATTAM | 6000.00 | 7,050.00 | 6,400.00 | 6,050.00 |
| 18 | CHEMPILAVU | 1490.00 | 1510.00 | 3050.00 | |
| 19 | CHENNAD | 1053.00 | | | |
| 20 | CHERPUMKAL FORANE | 19000.00 | 20000.00 | 19700.00 | 20,500.00 |
| 21 | CHETTUTHODU | 1000.00 | 1000.00 | 1500.00 | 1,500.00 |
| 22 | CHITTAR | 2200.00 | 2200.00 | 2000.00 | 1,800.00 |
| 23 | CHOLATHADAM | | | | |
| 24 | CHOONDACHERY | 1,000.00 | 1000.00 | 1000.00 | 1,000.00 |
| 25 | EDADU | | | | |
| 26 | EDAMARUKU | 2500.00 | 2500.00 | | |
| 27 | EDAPPADY | 1000.00 | 1500.00 | | |

| | | | | | |
|---|---|---|---|---|---|
| 28 | ELAMTHOTTAM | | | | |
| 29 | ELANJI FORANE | 8,000.00 | 7,500.00 | 10,000.00 | 5,000.00 |
| 30 | ELAPPALLY | | | | |
| 31 | ERAVIMANGALAM | | | | |
| 32 | EZHACHERRY | 1050.00 | 1050.00 | 1050.00 | 1,050.00 |
| 33 | FATHIMAPURAM | 750.00 | 1500.00 | 2000.00 | 500.00 |
| 34 | GAGULTHA | 400.00 | 400.00 | 400.00 | 400.00 |
| 35 | GEOVALLY | | 3200.00 | | |
| 36 | IDAMATTAM | 2,000.00 | | | |
| 37 | JAIGIRI | 500.00 | | 3000.00 | 500.00 |
| 38 | JOSE MOUNT | 750.00 | 900.00 | 1025.00 | 700.00 |
| 39 | JOSEGIRI | 1500.00 | 1000.00 | 2500.00 | 1,400.00 |
| 40 | KADANAD | 5910.00 | 8050.00 | 10000.00 | 5,620.00 |
| 41 | KADAPLAMATTAM | 3000.00 | 3000.00 | 7000.00 | 2,500.00 |
| 42 | KADUTHURUTHY | | | | |
| 43 | KAIPPALLY | 500.00 | 500.00 | 500.00 | 500.00 |
| 44 | KAKKOOR | 500.00 | 1500.00 | 5000.00 | 750.00 |
| 45 | KAKOMBU | 1200.00 | 1000.00 | 1500.00 | 1,000.00 |
| 46 | KALATHOOKADAVU | 2,000.00 | 3000.00 | | |
| 47 | KALATHOOR | 2800.00 | 2450.00 | 5600.00 | 2600.00 |
| 48 | KALIKAVU | | 11000.00 | 11,980.00 | 10,000.00 |
| 49 | KANJIRAMATTAM | 1500.00 | 3000.00 | 10000.00 | 1,500.00 |
| 50 | KANJIRATHANAM | | | 2500.00 | 1,500.00 |
| 51 | KARIMPANY | | | | |
| 52 | KAROOR | 1000.00 | 1000.00 | 1500.00 | 1,500.00 |
| 53 | KATTAMPAK | 750.00 | 1000.00 | | |
| 54 | KAVALY | 500.00 | 500.00 | 1000.00 | 500.00 |
| 55 | KAVEEKUNNU | | | | |
| 56 | KAVUMKANDAM | 1700.00 | 2200.00 | 2770.00 | 2,000.00 |
| 57 | KAYYOOR | 500.00 | 600.00 | 700.00 | 500.00 |
| 58 | KEEZHOOR | 500.00 | 500.00 | 500.00 | 500.00 |

| | | | | | |
|---|---|---|---|---|---|
| 59 | KIZHAPARAYAR | 1412.00 | 1590.00 | 3274.00 | 1,247.00 |
| 60 | KIZHATHADIYOOR | 12790.00 | 15360.00 | 11223.00 | 11,530.00 |
| 61 | KONDAD | 300.00 | 400.00 | 800.00 | 500.00 |
| 62 | KOODALLOOR | 3000.00 | 4000.00 | 5000.00 | 3,000.00 |
| 63 | KOOTHATTUKULAM | 5000.00 | 8000.00 | 12000.00 | 3,000.00 |
| 64 | KOOTTIKAL | 1,500.00 | 2000.00 | | |
| 65 | KOTHANALLOOR | 15000.00 | 15800.00 | 20000.00 | |
| 66 | KOZHUVANAL | 1000.00 | 1500.00 | 2000.00 | 1000.00 |
| 67 | KUDAKKACHIRA | 4170.00 | 5200.00 | 4,400.00 | 2,500.00 |
| 68 | KUDAYATHOOR | 1200.00 | 2000.00 | 1250.00 | 1,100.00 |
| 69 | KULAMAVU | | | | |
| 70 | KUNNONNI | 2000.00 | 4000.00 | 5000.00 | 2,000.00 |
| 71 | KURAVILANGAD | 10500.00 | 11200.00 | 13500.00 | 10,700.00 |
| 72 | KURICHITHANAM | | | | |
| 73 | KURINJI | 500.00 | 500.00 | | |
| 74 | KURUMANNU | 800.00 | 1200.00 | 6440.00 | 1,000.00 |
| 75 | KURUVINAL | 1,000.00 | 1800.00 | 2200.00 | 1,500.00 |
| 76 | LALAM NEW PALAI | 15757.00 | 19585.00 | 15560.00 | 7,512.00 |
| 77 | LALAM OLD PALAI | 9400.00 | 8900.00 | 12746.00 | 10,057.00 |
| 78 | LOURDES MOUNT | 360.00 | 400.00 | 410.00 | 300.00 |
| 79 | MALAPURAM | 2000.00 | 2000.00 | 3500.00 | 1,500.00 |
| 80 | MALAYINCHIPARA | 600.00 | 700.00 | 1000.00 | 500.00 |
| 81 | MALLIKASSERY | 2500.00 | 2500.00 | 3500.00 | 2,500.00 |
| 82 | MANALUMKAL | 1000.00 | 2000.00 | 2000.00 | 1,000.00 |
| 83 | MANATHOOR | 1000.00 | 1000.00 | 1000.00 | 1,000.00 |
| 84 | MANGALAGIRI | | | | |
| 85 | MANGALARAM | 2000.00 | 2500.00 | 2500.00 | 2,000.00 |
| 86 | MANIAMKULAM | | | | |
| 87 | MANIAMKUNNU | | | | |
മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവൽക്കരണ സെമിനാറും മെഡിക്കൽ ക്യാമ്പും മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ നടത്തി. ഓങ്കോളജിവിഭാഗം അസോ.കൺസൾട്ടന്റ് ഡോ. രവിശങ്കർ ടി.ആർ. നേതൃത്വം നൽകി

**സൗജന്യ കാൻസർ ബോധവൽക്കരണസെമിനാർ – കുറവിലങ്ങാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് ദേവമാതാ കോളജ് വനിതാസെല്ലുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവൽക്കരണ സെമിനാർ നടത്തി. സർജിക്കൽ ഓങ്കോളജിവിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി നേതൃത്വം നൽകി.

**സൗജന്യ രക്തദാനക്യാമ്പ് അയർക്കുന്നത്തും മറ്റക്കരയിലും**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, മറ്റക്കര ഹയർ സെക്കൻഡറി സ്കൂൾ എന്നിവടങ്ങളിലെ എൻ. എസ്.എസ് യൂണിറ്റുമായി സഹകരിച്ച് സൗജന്യ രക്തദാനക്യാമ്പ് നടത്തി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് വെളിയന്നൂരിൽ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വെളിയന്നൂർ വന്ദേമാതരം വി.എച്ച്.എസ്.എസിൽ വിദ്യാർഥികൾക്കായി മയക്കുമരുന്നുപയോഗത്തിനെതിരേ ബോധവൽക്കരണക്ലാസ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സിസ്റ്റർ ജൂലി എലിസബത്ത് ക്ലാസ്സ് നയിച്ചു.

**സൗജന്യവൈദ്യസഹായം നൽകി**

പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന കാത്തലിക്ക് കൗൺസിൽ ഓഫ് ഇന്ത്യയുടെ ദേശീയസമ്മേളനത്തിന് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യവൈദ്യസഹായം ഒരുക്കിനൽകി.

**സൗജന്യ HbA1C പരിശോധനക്യാമ്പ് നടത്തി**

ലോക പ്രമേഹദിനാചരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ പൊതുജനങ്ങൾക്കായി സൗജന്യ HbA1C പരിശോധനക്യാമ്പ് നടത്തി.

**സൗജന്യ വൈദ്യസഹായം നൽകി**

രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയിൽ നടന്ന ക്രൈസ്തവ മഹാസമ്മേളനത്തിന് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായം ഒരുക്കി നൽകി.

**ഡോ.സിദ്ധാർഥ് എസ്.നായർ, ഡോ.ലിന്റ ജോസ് എന്നിവർ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി റേഡിയോഡയഗ്നോസിസ് ആൻഡ് ഇമേജിങ് വിഭാഗത്തിൽ റേഡിയോളജിസ്റ്റുമാരായി ഡോ. സിദ്ധാർഥ് എസ്. നായർ, ഡോ. ലിന്റ ജോസ് എന്നിവർ ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

---

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

---

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ആൻഡ്രൂസ് താഴത്ത് (സി.ബി.സി.ഐ. പ്രസിഡന്റ്)
കർദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ് (ബോംബെ ആർച്ചുബിഷപ്)
മോസ്റ്റ് റവ. ഡോ. പീറ്റർ മച്ചാഡോ (ബാംഗ്ലൂർ ആർച്ചുബിഷപ്)
റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല (കണ്ണൂർ ബിഷപ്)
മാർ തോമസ് തറയിൽ (ആർച്ചുബിഷപ് ചങ്ങനാശ്ശേരി)
മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ)
കർദിനാൾ മാർ ജോർജ് ആലഞ്ചേരിൽ
(സീറോ മലബാർ സഭ മുൻ മേജർ ആർച്ചുബിഷപ്)
ആർച്ചുബിഷപ് ഹെർവിഗ്ഗോസ്സെൽ (ബാംബെർഗ്, ജർമ്മനി)
മാർ പോളി കണ്ണൂക്കാടൻ (ഇരിഞ്ഞാലക്കുട ബിഷപ്)

**ചങ്ങനാശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തായുടെ സന്ദർശനം**

ചങ്ങനാശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അഭിഷിക്തനായ ആർച്ചുബിഷപ് മാർ തോമസ് തറയിൽ നവംബർ ഒന്നിന് അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. ജർമ്മനിയിലെ Bamberg ആർച്ചുബിഷപ് Herwig Gossel സഹകാർമികനായിരുന്നു.

**മുൻ മേജർ ആർച്ചുബിഷപ്പിന്റെ സന്ദർശനം**

സീറോ മലബാർസഭയുടെ മുൻ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിൽ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു.

നവംബർ 5 ന് രാവിലെ 8.30 ന് കബറിട ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് വിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു.

**അഭിവന്ദ്യപിതാക്കന്മാരുടെ സന്ദർശനം**

കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ പതിനഞ്ചാമത് ജനറൽ ബോഡി മീറ്റിങ്ങിൽ പങ്കെടുക്കാനെത്തിയ ഇന്ത്യയിലെ വിവിധ രൂപതകളിൽനിന്നുള്ള ഇരുന്നൂറോളം പേർ തീർത്ഥാടനദൈവാലയം സന്ദർശിച്ച് കബറിടത്തിങ്കൽ പ്രാർത്ഥിച്ചു.

നവംബർ 16 ന് രാവിലെ 6.30 ന് സി.ബി.സി.ഐ. പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത് വിശുദ്ധ കുർബാനയർപ്പിച്ചു. ബോംബെ ആർച്ചുബിഷപ് കർദിനാൾ ഓസ് വാൾഡ് ഗ്രേഷ്യസ്, ബാംഗ്ലൂർ ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. പീറ്റർ മച്ചാഡോ, കണ്ണൂർ ബിഷപ് റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല എന്നിവർ സഹകാർമ്മികരായിരുന്നു. 21 വൈദികരും ഇരുന്നൂറോളം സി. സി. ഐ. അംഗങ്ങളും വി. കുർബാനയിൽ പങ്കെടുത്തു.

**ഡീക്കന്മാരുടെ സന്ദർശനം**

കോട്ടയം വടവാതൂർ സെമിനാരിയിലെ വൈദികപട്ടം സ്വീകരിക്കാൻ ഒരുങ്ങുന്ന ഡീക്കന്മാർ ആനിമേറ്റർ റവ.ഫാ. ഡൊമിനിക് വെച്ചൂരിന്റെ നേതൃത്വത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു. നവംബർ 2 ന് രാവിലെ 8.30 ന് ഫാ. ഡൊമിനിക് വെച്ചൂർ ഡീക്കന്മാർക്കായി വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് സീറോ മലബാർ സഭയുടെ മുൻ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഡീക്കന്മാർക്കായി സന്ദേശം നൽകുകയും ചെയ്തു.

**ഞായറാഴ്ചകളിൽ ഇംഗ്ലീഷ് കുർബാന**

നവംബർ മാസംമുതൽ അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഇംഗ്ലീഷ് സീറോ മലബാർ കുർബാന ഉണ്ടായിരിക്കുന്നതാണ്. വി. കുർബാനയുടെ ലൈവ് ടെലികാസ്റ്റ് ഉണ്ടായിരിക്കുന്നതാണ്.

**വോളണ്ടിയേഴ്സ് മീറ്റ്**

സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ വോളന്റിയർമാരുടെ ഒരു മീറ്റിങ് നവംബർ 12 ന് സെന്റ് അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ വച്ചു നടന്നു. തീർത്ഥാടനകേന്ദ്രം റെക്ടർ റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അസിസ്റ്റന്റ് റെക്ടർ ഫാ. ആന്റണി തോണക്കര സ്വാഗതം ആശംസിച്ചു. എംഎസ്ടി കോൺഗ്രിഗേഷന്റെ വൈസ് ഡയറക്ടർ ജനറൽ റവ.ഫാ. ജോസഫ് തെക്കേക്കരോട്ട് മുഖ്യപ്രഭാഷണം നടത്തി. ഓരോ ഗ്രൂപ്പ് ലീഡേഴ്സും തിരുനാളിന്റെ ക്രമീകരണങ്ങൾ വിലയിരുത്തി സംസാരിച്ചു. തീർത്ഥാടനകേന്ദ്രം അഡ്മിനിസ്ട്രേറ്റർ ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ എല്ലാവർക്കും നന്ദിയർപ്പിച്ചു. എൺപതോളം വോളന്റിയർമാർ മീറ്റിങ്ങിൽ സംബന്ധിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട

നുബന്ധിച്ച് എല്ലാ വോളന്റിയർമാർക്കും ബഹുമാനപ്പെട്ട റെക്ടറച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ഉച്ചഭക്ഷണത്തോടെ മീറ്റിങ് സമാപിച്ചു.

**ഡീക്കൻ മിനിസ്ട്രി**

അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ കഴിഞ്ഞ ആറുമാസക്കാലം ഡീക്കൻ മിനിസ്ട്രി ചെയ്തുവന്നിരുന്ന നോർബർട്ടയിൻ സഭാംഗമായ ഡീക്കൻ സിറിൻ പൂച്ചാലിക്കളത്തിൽ തന്റെ ഡീക്കൻ മിനിസ്ട്രി പൂർത്തിയാക്കി മാനന്തവാടി ആശ്രമത്തിലേക്കു തിരിയെപ്പോയി. ബഹുമാനപ്പെട്ട ഡീക്കന് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കു വേണ്ടി 2024 നവംബർ 3 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് കുമ്പസാരവും വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. മാത്യു കാക്കാനിയിൽ എസ്.വി.ഡി. നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ നവംബർ 30-ാം തീയതി രാത്രിയാരാധന നടത്തപ്പെട്ടു. വൈകുന്നേരം 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച രാത്രിയാരാധന രാവിലെ 4 മണിക്കുള്ള വിശുദ്ധകുർബാനയോടെ അവസാനിച്ചു. റവ. ഫാ. നോബിൾ തോട്ടത്തിൽ HGN ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ജൂബിലിയാഘോഷങ്ങളോടനുബന്ധിച്ചു വൈദികരുടെ സന്ദർശനം**

മിഷനറീസ് ഓഫ് സെന്റ് തോമസ് സൊസൈറ്റിയിലെ വൈദികർ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു. പൗരോഹിത്യസ്വീകരണത്തിന്റെ ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി നവംബർ 12 ന് രാവിലെ 11.30 ന് എം.എസ്.ടി.യിലെ ഒൻപതു വൈദികരാണ് വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലെത്തി വിശുദ്ധ കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചത്.

**വിദേശരാജ്യങ്ങളിൽനിന്നു ഭക്തജനപ്രവാഹം**

നവംബർ മാസത്തിൽ വിവിധ വിദേശരാജ്യങ്ങളിൽനിന്നുള്ള അനേകം തീർത്ഥാടകസംഘങ്ങൾ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുകയും വിവിധ ഭാഷകളിലുള്ള വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**നവംബർ മാസത്തിൽ ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നൽകിയവർ**

നവംബർ 2 - ചക്കിക്കാവ്
നവംബർ 9 - ലൂർദ്മൗണ്ട്
നവംബർ 16 - കാക്കൊമ്പ്
നവംബർ 30 - മാന്നാർ

**ഡിസംബർ മാസത്തിൽ ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നൽകുന്നവർ**

* ഡിസംബർ 7 - അടിവാരം

* ഡിസംബർ 14 - പെരുംതുരുത്ത്

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

## 1. CTP കോഴ്സ്

2024-2025 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ് നവംബർ 9-ാം തീയതി നടന്നു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു.

ഡിസംബർമാസത്തിലെ ക്ലാസ്സുകൾ :

ഡിസംബർ 14

9.30 am to 12.30 pm - Theology of Religion: Prof. Dr. Alex Pandarakappil

1.15 pm to 3.30 pm - Importance of Syriac Language and Liturgical Music:
- Prof. Augustine Kandathikudilil

## 2. പാലാ രൂപത പ്രതിഭാസംഗമം

ഈ വർഷം 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി 2024 ഡിസംബർ മാസത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിക്കാനുള്ളവരെ തിരഞ്ഞെടുക്കാനായി രൂപതാതലത്തിലുള്ള പ്രതിഭാസംഗമം 2024 നവംബർ 10 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു.

രൂപതാതല പ്രതിഭാസംഗമത്തിൽ വിജയികളായവർ:

ആൺകുട്ടികൾ

1. Glenn Bastin George, Vattukulathil, Kanjirathanam
2. Naibin M. Shijin, Puthenpura, Kaduthuruthy

പെൺകുട്ടികൾ

1. Jesna Maria Shinoj, Kaithamattathil, Kaduthuruthy
2. Juan Maria Tojo, Muthuplackal, Gagultha

ഇവർ സീറോ മലബാർ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് 2024 ഡിസംബർ 29 മുതൽ 31 വരെയുള്ള തീയതികളിൽ നടക്കുന്ന സഭാതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കും.

**3. അധ്യാപകസംഗമം**

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2024 നവംബർ 24-ാം തീയതി അഞ്ചാം ക്ലാസിലെ അധ്യാപകർക്കായി പ്രത്യേക സംഗമം നടത്തി. പാഠപുസ്തകത്തെ സംബന്ധിച്ചുള്ള ഉൾക്കാഴ്ചകളും നിർദേശങ്ങളും ഈ സംഗമത്തിൽ പങ്കുവച്ചു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ സംഗമത്തിൽ ശ്രീമതി ഷീബ ബിനോയി പള്ളിപ്പറമ്പിൽ ക്ലാസ് നയിച്ചു.

**4. സ്കൂൾ വിശ്വാസസന്മാർഗ വാർഷികപ്പരീക്ഷ**

ഈ വർഷത്തെ സ്കൂൾ വിശ്വാസ സന്മാർഗ വാർഷികപ്പരീക്ഷ 2024 ഡിസംബർ 6-ാം തിയതി വെള്ളിയാഴ്ച നടത്തപ്പെടുന്നതാണ്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ് യോഗം**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ നവംബർമാസത്തെ എക്സിക്യൂട്ടീവ് യോഗം നവംബർ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നല്കി. യോഗം ഒക്ടോബർമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും നവംബർമാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**സെക്രട്ടേറിയേറ്റ് യോഗം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ നവംബർമാസത്തെ സെക്രട്ടേറിയേറ്റ് യോഗം നവംബർ രണ്ടാം തീയതി ശനിയാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. എക്സിക്യൂട്ടീവിന്റെ അജണ്ടകളെ സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

**സംസ്ഥാനകലോത്സവം**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനകലോത്സവം പാലക്കാട് രൂപതയിലെ യുവക്ഷേത്ര കോളജിൽ വച്ച് 2024 നവംബർ ഒമ്പതാം തീയതി നടന്നു. കലാമത്സരത്തിൽ ഒന്നാംസ്ഥാനവും ഓവറോൾ രണ്ടാം സ്ഥാനവും പാലാ രൂപത കരസ്ഥമാക്കി.

**മേഖലാസന്ദർശനങ്ങൾ**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ നവംബർമാസത്തിൽ വിവിധ മേഖലകൾ സന്ദർശിച്ചു. ഭരണങ്ങാനം, അരുവിത്തുറ, പ്രവിത്താനം, കടനാട്, തീക്കോയി, പാലാ, മൂലമറ്റം, തുടങ്ങനാട് മേഖലകളാണ് നവംബർമാസത്തിൽ സന്ദർശിച്ചത്. 17 മേഖലകളിലും രൂപതാസമിതിയുടെ സന്ദർശനം പൂർത്തിയായി.

**എൽറോയ്**

ഡിസംബർ 21 -ാം തീയതി പാലാ സെന്റ് തോമസ് കോളജിൽവച്ചു നടക്കുന്ന എൽറോയ് യുവജനസംഗമത്തിന്റെ പ്രചാരണാർത്ഥം മിഷൻലീഗ് രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ രൂപതയിലെ 17 ഫൊറോനകൾ സന്ദർശിച്ചു.

**പുരസ്കാരങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാനസമിതി 2023-2024 പ്രവർത്തനവർഷത്തെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച രൂപതകളുടെ ഗണത്തിൽ പാലാ രൂപത മിഷൻ സ്റ്റാർ പുരസ്കാരത്തിനും മികച്ച മേഖലകളുടെ ഗണത്തിൽ കുറവിലങ്ങാട് മേഖല സിൽവർ സ്റ്റാർ പുരസ്കാരത്തിനും അർഹമായി. മികച്ച ശാഖകളുടെ ഗണത്തിൽ രത്നഗിരി ശാഖ ഗോൾഡൻ സ്റ്റാർ പുരസ്കാരത്തിനും കുറവിലങ്ങാട് ശാഖ മിഷൻ സ്റ്റാർ പുരസ്കാരത്തിനും അർഹമായി.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിങ്**

നവംബർ 8 വെള്ളിയാഴ്ച 8.30 pm മുതൽ 9.30 pm വരെ ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. ഡയറക്ടർ ജോർജ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിങ്ങിൽ അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, പ്രസിഡന്റ് ജിജോ മാത്യു, ഓർഗനൈസർ സോജൻ കെ.ജെ, മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ എന്നിവർ പങ്കെടുത്തു. നവംബർ 16 ന് പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ചു നടത്തുന്ന രൂപതാകലോത്സവത്തെക്കുറിച്ച് ചർച്ചചെയ്യുകയും വേണ്ട കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു.

**രൂപതാകലോത്സവം**

നവംബർ 16 ശനിയാഴ്ച കെ.സി.എസ്.എൽ. പാലാ രൂപതാകലോത്സവം പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ചു നടത്തപ്പെട്ടു. രാവിലെ 9.30 ന് ആരംഭിച്ച മത്സരം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അവസാനിച്ചു. 14 സ്റ്റേജുകളിലായി നടന്ന വിവിധതരം മത്സരങ്ങളിൽ വിവിധ സ്കൂളുകളിൽനിന്നായി ആയിരത്തോളം കുട്ടികൾ പങ്കെടുത്തു.

**ഓവറോൾ നേടിയ സ്കൂളുകൾ**

**എച്ച്.എസ്.എസ്.**

ഫസ്റ്റ് - സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, പ്ലാശനാൽ
സെക്കന്റ് - സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്, രാമപുരം
തേർഡ് - സെന്റ് മേരീസ് എച്ച്.എസ്.എസ്, ഭരണങ്ങാനം

**എച്ച്.എസ്.**

ഫസ്റ്റ് - എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം
സെക്കന്റ് - സെന്റ് മേരീസ് ജി.എച്ച്. എസ്, കുറവിലങ്ങാട്
തേർഡ് - സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്, പാലാ

**യു.പി.**

ഫസ്റ്റ് - എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം
സെക്കന്റ് - എസ്.എച്ച്.ജി.എച്ച്.എസ്, ഭരണങ്ങാനം
തേർഡ് - കാർമൽ പബ്ളിക് സ്കൂൾ, പാലാ

**സ്നേഹത്തിന്റെ കൈത്താങ്ങ്**

കെ.സി.എസ്.എൽ. പാലായുടെ നേതൃത്വത്തിൽ പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച്, നവംബർമാസം നടത്തിയ 'സ്നേഹത്തിന്റെ കൈത്താങ്ങ്'എന്ന പരിപാടിയിലൂടെ സ്കൂൾകുട്ടികളിൽനിന്ന് വിവിധ തരത്തിലുള്ള സാധനസാമഗ്രികൾ ശേഖരിച്ച് വിവിധ ഓർഫനേജുകളിൽ എത്തിച്ചു.

**അവാർഡുകൾ പ്രഖ്യാപിച്ചു**

2023-24 വർഷത്തെ ബെസ്റ്റ് സ്കൂൾ, ബെസ്റ്റ് ആനിമേറ്റർ അവാർഡുകൾ പ്രഖ്യാപിച്ചു.

**ബെസ്റ്റ് സ്കൂൾ അവാർഡ്**

എച്ച്.എസ്.എസ്. - സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, പ്ലാശനാൽ
എച്ച്.എസ്. - സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്
യു.പി. - എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം

**ബെസ്റ്റ് ആനിമേറ്റർ അവാർഡ്**

എച്ച്.എസ്.എസ് - എയ്ഞ്ചൽ പൊന്നു ബേബി, സെന്റ് ആന്റണീസ് എച്ച്. എസ്.എസ്, പ്ലാശനാൽ

എച്ച്.എസ്. - സി. റീന സ്കറിയ, സെന്റ് മേരീസ് എച്ച്.എസ്.എസ്, തീക്കോയി

യു.പി. - സി. ലിസിയമ്മ പി.സി, എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. രൂപതാകുടുംബത്തോടൊപ്പം മുനമ്പംജനതയ്ക്ക് ഐക്യദാർഢ്യവുമായി യുവജനപ്രസ്ഥാനം**

മുനമ്പംജനതയ്ക്ക് ഐക്യദാർഢ്യവുമായി പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ കല്ലറങ്ങാട്ടുപിതാവിനോടൊപ്പം രൂപത യുവജനപ്രസ്ഥാനത്തിന്റെ ഭാരവാഹികൾ സമരപ്പന്തൽ സന്ദർശിക്കുകയും ഐക്യദാർഢ്യം അറിയിക്കുകയും ചെയ്തു.

**2.** ഡിസിഎംഎസ് മഹാസമ്മേളനത്തിന്റെ സ്വാഗത ഓഫീസിന്റെ ഉദ്ഘാടനത്തിൽ പങ്കുചേർന്നു.

**3. വടംവലിമത്സരം**

2024 പ്രവർത്തനവർഷത്തെ രൂപത വടംവലിമത്സരം എസ്.എം.വൈ.എം നീലൂർ യൂണിറ്റിന്റെ സഹകരണത്തോടെ നടത്തപ്പെട്ടു. പതിനാറിലധികം ടീമുകൾ പങ്കെടുത്ത മത്സരം രൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു.

**4.** എസ്.എം.വൈ.എം. സംസ്ഥാനസമിതിയുടെ പ്രവർത്തനവർഷോദ്ഘാടനത്തിൽ പങ്കെടുത്തു.

**5. കെസിവൈഎം സംസ്ഥാനസമിതിയുടെ കലോത്സവത്തിൽ പങ്കെടുത്തു.**

2024 പ്രവർത്തനവർഷത്തെ കെസിവൈഎം സംസ്ഥാനസമിതിയുടെ കലോത്സവത്തിൽ രൂപതയിൽനിന്ന് യുവജനങ്ങൾ പങ്കെടുക്കുകയും ഓവറോൾ ആറാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

**6.** EAST SYRIAC LANGUAGE WEEK ആഹ്വാനം ചെയ്യുകയും ആഘോഷിക്കുകയും ചെയ്തു.

**7.** രാമപുരത്തു നടന്ന സമുദായമഹാസമ്മേളനത്തിന്റെ ദേശീയസിമ്പോസിയത്തിൽ പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രതിനിധികൾ പങ്കെടുത്തു.

**8.** മാർ സ്ലീവാ മെഡിസിറ്റിയോടുചേർന്ന് 75 പരിശോധനക്യാമ്പുകൾ രൂപതയിൽ നടത്തിവരുന്നു. ഇതിനോടകം പത്തിലധികം ക്യാമ്പുകൾ പൂർത്തീകരിച്ചു.

**9. യൂത്ത് ആനിമേറ്റഴ്സ് ട്രെയിനിങ് പ്രോഗ്രാം**

2024 പ്രവർത്തനവർഷത്തെ യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ അവസാനഘട്ടം ഭരണങ്ങാനത്തുവച്ചു നടത്തപ്പെട്ടു. 52 പേരിൽ ആരംഭിച്ച കോഴ്സ് 32 പേർ വിജയകരമായി പൂർത്തിയാക്കി.

**10.** പാലാ രൂപത യുവജനങ്ങൾ ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു.

**11.** രാമപുരത്തുനടന്ന രൂപതയുടെ നസ്രാണിമഹാസമ്മേളനത്തിൽ യുവജനപ്രസ്ഥാനത്തിലെ ഭാരവാഹികളും രൂപതയിലെ മുഴുവൻ യുവജനങ്ങളും പങ്കെടുത്തു.

**12.** ആലപ്പുഴയിൽ വച്ചു നടന്ന സംസ്ഥാന സ്കൂൾശാസ്ത്രോത്സവത്തിൽ കോട്ടയം ജില്ലയെ പ്രതിനിധീകരിച്ച് ഗണിതശാസ്ത്രം അധ്യാപകരുടെ ടീച്ചിങ് എയ്ഡ് മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ ജോസഫ് കെ.വി ക്ക് അഭിനന്ദനങ്ങൾ നേർന്നു.

**13.** സീറോ മലബാർ എക്യുമെനിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നവംബർ 20 ബുധനാഴ്ച വൈകുന്നേരം 6 മണിക്ക് അരുവിത്തുറപ്പള്ളിയിൽ നടന്ന മാർ ത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിരുനാളിൽ യുവജനങ്ങൾ പങ്കെടുത്തു.

**14.** 2024 പ്രവർത്തനവർഷത്തെ നവംബർമാസം എക്സിക്യൂട്ടീവ് മീറ്റിങ് അൽഫോൻസിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ടു.

**15.** പാലാ രൂപത പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 38-ാമത് ചരമവാർഷികാചരണത്തിൽ യുവജനങ്ങൾ പങ്കെടുത്തു.

**16.** ഫൊറോന ഡയറക്ടറച്ചന്മാരുടെ മീറ്റിങ് നടത്തപ്പെട്ടു.

**17. വാർഷിക സെനറ്റ്**

2024 പ്രവർത്തനവർഷത്തെ വാർഷിക സെനറ്റ് കൂട്ടിക്കൽ ഫൊറോനയിൽ വച്ച് നടത്തപ്പെട്ടു. രൂപതയിലെ 17 ഫൊറോനകളിലെയും ഭാരവാഹികൾ സെനറ്റിൽ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**AVIV**

ഈ മാസത്തെ രണ്ടാം ശനിയാഴ്ചക്കൂട്ടായ്മ നവംബർ മാസം 9-ാം തീയതി പാലാ അൽഫോൻസാ കോളജിൽവച്ചു നടത്തപ്പെട്ടു. എട്ടുമുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്കായും കോളജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായും രണ്ട് ഇടങ്ങളിലായാണ് പ്രോഗ്രാം നടത്തിയത്. ആനന്ദത്തോടെ കർത്താവിന്റെ സ്നേഹം അനുഭവിക്കാനും പകർന്നുനൽകാനും ഉപകാരപ്പെടുന്ന വിധത്തിലുള്ള ദിവസമായിരുന്നു കടന്നുപോയത്.

## BLOW

ജീസസ് യൂത്ത് പാലാ പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഇലഞ്ഞി ഫൊറോനയിലെ കൗമാരക്കാർക്കായി BLOW എന്ന പേരിൽ ഒരു പ്രോഗ്രാം നടത്തപ്പെട്ടു. മുപ്പതോളം കൗമാരക്കാർ ഒന്നുചേർന്ന് പി.ഡി.എം. ആശ്രമഹാളിൽ പ്രോഗ്രാം നടത്തുകയും അതിനുശേഷം നീണ്ടൂർ പാർക്കിൽ പോകുകയും ചെയ്തു. ജീസസ് യൂത്ത് മൂവ്മെന്റിനെക്കുറിച്ചും മൂവ്മെന്റിന്റെ മനോഹാരിതയെക്കുറിച്ചും കൗമാരക്കാർക്കു മനസ്സിലാകുന്നവിധത്തിലുള്ള പ്രോഗ്രാമായിരുന്നു BLOW.

**അഖണ്ഡജപമാല**

2024 ഒക്ടോബർ 31–ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിമുതൽ ഉച്ചകഴിഞ്ഞ് രണ്ടുമണിവരെ പാലാ സെന്റ് തോമസ് കോളജിൽ വച്ച് അഖണ്ഡജപമാല നടത്തപ്പെട്ടു. പാലാ സോണിനെയും സോണിന്റെ ഓരോ നിയോഗങ്ങളെയും പരി. അമ്മയുടെ വിമലഹൃദയത്തിനു സമർപ്പിക്കുന്നതായിരുന്നു അഖണ്ഡജപമാല.

ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ പരിശുദ്ധ അമ്മയുടെ അനുഗ്രഹത്തിന്റെ അനുഭവസാക്ഷ്യങ്ങളും മറ്റും ഉൾപ്പെടുത്തിയ ഒരു മിനിറ്റ് വീഡിയോ എല്ലാവരിലും എത്തിച്ചു.

**ആരാധന**

എല്ലാമാസവും ആദ്യത്തെ തിങ്കളാഴ്ചയും മൂന്നാമത്തെ തിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ ചാപ്പലിൽവച്ച് അരുവിത്തുറ ഇടവകയിലെ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തിവരുന്നു.

**നൈറ്റ് വിജിൽ**

2024 നവംബർ 1 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻപള്ളിയിൽ വച്ച് വൈകുന്നേരം ഏഴരമുതൽ നവംബർ 2 രാവിലെ 6 മണിവരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നു ചേർന്നു പ്രാർത്ഥിച്ചു. ഈ കൂട്ടായ്മയിലൂടെ വചനം പഠിക്കുകയും പങ്കുവയ്ക്കുകയും ജീവിതാനുഭവങ്ങൾ കർത്താവിന്റെ കൂടെ ആയിരുന്നുകൊണ്ട് മറ്റുള്ളവർക്കു പകർന്നുനൽകുകയും ചെയ്തു.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാ ദിവസവും വൈകുന്നേരം 8.30 ക്ക് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പാലാ സോൺ ഒന്നിച്ചുനയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്. 30 പേരോളം എല്ലാ ആഴ്ചകളിലും ഈ കൂട്ടായ്മയ്ക്ക് എത്തിച്ചേരുന്നുണ്ട്.

**ഓൺലൈൻ പ്രയർ മീറ്റിങ്**

എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 8.30 മുതൽ 10.30 വരെ സൂം പ്ലാറ്റ്ഫോമിൽ ഓൺലൈൻ പ്രയർ മീറ്റിങ് നടത്തപ്പെടുന്നു. ഈശോയുടെ ഒപ്പം, അവിടുത്തെ സ്നേഹത്തിൽ ആയിരിക്കുവാൻ കഴിഞ്ഞ മണിക്കൂറുകളായിരുന്നു കടന്നുപോയത്.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. 03/11/24 – കുന്നോന്നി ഇടവകയിലെ കുടുംബക്കൂട്ടായ്മാഭാരവാഹികളുടെ സമ്മേളനം വികാരി ഫാ. മാത്യു പീടികയിൽ ഉദ്ഘാടനം ചെയ്തു. രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ ജോണി വേലംകുന്നേൽ ക്ലാസ്സിനു നേതൃത്വം നൽകി.
2. 03/11/2024 – കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിലെ വാർഡുതല ക്ലാസ്സുകൾ 5.30 pm ന് വികാരി റവ.ഫാ. മാത്യു ചന്ദ്രൻകുന്നേലിന്റെ പ്രാർത്ഥനാശീർവാദത്തോടെ ആരംഭിച്ചു. 14 വാർഡുകളിൽ കുടുംബക്കൂട്ടായ്മ രൂപതാ റിസോഴ്സ് ടീം ക്ലാസ്സെടുത്തു.

3. 08/11/2024 – കൂട്ടിക്കൽ സെന്റ് ജോർജ് ഇടവകയിലെ കുടുംബക്കൂട്ടായ്മ വാർഷികത്തോടനുബന്ധിച്ച് 3.30 pm ന് ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ കുർബാനയർപ്പിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ വികാരി റവ. ഫാ. ജോസഫ് വടക്കേമംഗലത്ത് അധ്യക്ഷത വഹിച്ചു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ഡോ. ജോസഫ് തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

4. 10/11/2024 – കടുത്തുരുത്തി ഫൊറോനാപ്പള്ളിയിലെ 13 വാർഡുകളിലെ കുടുംബക്കൂട്ടായ്മ ക്ലാസുകൾ നടന്നു. അസി. വികാരി ഫാ. മാത്യു തയ്യിലിന്റെ പ്രാർത്ഥനയോടെ ക്ലാസുകൾ ആരംഭിച്ചു.

5. 16/11/ 2024 – ഇലഞ്ഞി ഇടവകയിലെ ഭാരവാഹികളുടെ സംഗമം 3 pm ന് വികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. കുടുംബക്കൂട്ടായ്മ രൂപത ജോയിന്റ് സെക്രട്ടറി സണ്ണി വടക്കേടത്ത് ക്ലാസിനു നേതൃത്വം നൽകി.

6. 17/11/2024 – രാമപുരത്തു നടന്ന ദേശീയ സിമ്പോസിയത്തിൽ കുടുംബക്കൂട്ടായ്മയിൽനിന്നു രൂപതാ ഭാരവാഹികളായ 10 പേർ പങ്കെടുത്തു.

7. 24/11/2024 ഞായറാഴ്ച 3 pm ന് പയ്യാനിത്തോട്ടം ഇടവകയിലെ ഭാരവാഹികളുടെ സമ്മേളനം വികാരി ഫാ. തോമസ് കുറ്റിക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപത റിസോഴ്സ്ടീമംഗം ശ്രീ ജോയി തെക്കുംചേരിക്കുന്നേൽ ക്ലാസ്സിനു നേതൃത്വം നൽകി.

8. 29/11/2024 – കൂട്ടിക്കൽ സെന്റ് ജോർജ് ഇടവകയിലെ ഭാരവാഹികളുടെ സമ്മേളനം 2.45 pm ന് നടന്നു. അസി. വികാരി ഫാ. ജോസ് കുഴിഞ്ഞാലിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വികാരി റവ. ഫാ. ജോസഫ് വടക്കേമംഗലത്ത് ഉദ്ഘാടനം ചെയ്തു. 5 pm ന് 12 വാർഡുകളിലും കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം ക്ലാസ്സുകൾ നയിച്ചു.

9. 30/11/2024 ശനിയാഴ്ച 3 pm ന് കുറിച്ചിത്താനം ഇടവകയിലെ ഭാരവാഹിസമ്മേളനം റവ.ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സണ്ണി തെക്കേടത്ത് അധ്യക്ഷത വഹിച്ചു. ഭാരവാഹികൾക്കുള്ള ക്ലാസ്സിന് രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപം നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**നവംബർ 08-10, 18-20** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 263 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**ഡിസംബർ 09-11, 19-21, ജനുവരി 02-04, 23-25** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

നവംബർമാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, പ്രൊഫ. റ്റി. സി. തങ്കച്ചൻ എന്നിവർ ക്ലാസ്സെടുത്തു. 481 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

### 4. സമ്മേളനം

നവംബർ 4-ാം തീയതി ഇടുക്കിയിൽ വച്ചു നടന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ സമ്മേളനത്തിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദേശം നൽകി സംസാരിച്ചു.

## B. പിതൃവേദി

### 1. കുരിശിന്റെ വഴി

നവംബർ 1-ാം തീയതി വൈകുന്നേരം 4.30 ന് അറുനൂറ്റിമംഗലം പള്ളിയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. മലകയറ്റപ്പള്ളിയിലേക്കു നടത്തിയ കുരിശിന്റെ വഴിക്കു പിതൃവേദി അംഗങ്ങൾ നേതൃത്വം നൽകി.

### 2. കലോത്സവം

സെന്റ് തോമസ് ഹൈസ്കൂളിൽവച്ചുനടന്ന മാതൃവേദി - പിതൃവേദി സംഘടനകളുടെ കലോത്സവം ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു.

### 3. ആദരിക്കൽ

നവംബർ 3-ാം തീയതി 3 മണിക്ക് ചെറുപുഷ്പ മിഷൻലീഗ് ചേർപ്പുങ്കൽ മേഖലയുടെ നേതൃത്വത്തിൽ മറ്റക്കര ഇടവകയിൽ നടത്തിയ വലിയ കുടുംബങ്ങളെ ആദരിക്കുന്ന പരിപാടി റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

### 4. സെമിനാർ

നവംബർ 3-ാം തീയതി വൈകുന്നേരം 5.00 മണിക്ക് കോതനല്ലൂർ ഫൊറോനാപ്പള്ളിയിൽ പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ പക്ഷാഘാത

സെമിനാറിന്റെ രൂപതാതല ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു സംസാരിച്ചു.

**5. മീറ്റിങ്**

നവംബർ 16-ാം തീയതി വൈകുന്നേരം ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിലുള്ള ക്രൈസ്തവമഹാസമ്മേളനത്തിനു മുന്നോടിയായുള്ള വോളന്റിയേഴ്സ് മീറ്റിങ്ങിൽ മാതൃ-പിതൃവേദി അംഗങ്ങൾ പങ്കെടുത്തു.

**6. ക്രൈസ്തവസമ്മേളനം**

നവംബർ 17-ാം തീയതി ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ ദേശീയസിമ്പോസിയത്തിൽ മാതൃ-പിതൃവേദിയിൽനിന്ന് 30 അംഗങ്ങളും ക്രൈസ്തവമഹാസമ്മേളനത്തിൽ ഏകദേശം അയ്യായിരത്തോളം പ്രവർത്തകരും പങ്കെടുത്തു.

**7. രൂപതാസമിതി**

നവംബർ 20-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ പിതൃവേദി രൂപതാസമിതി നടത്തപ്പെട്ടു.

## C. മാതൃവേദി

**1. ബോധവത്കരണപരിപാടി**

നവംബർ 1-ാം തീയതി പാലാ രൂപത പ്ലാറ്റിനംജൂബിലിയുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയും ഫാമിലി അപ്പോസ്തലേറ്റും ചേർന്നു ക്രമീകരിക്കുന്ന സ്തനാർബുദ ക്യാൻസർ ബോധവത്കരണപരിപാടിയുടെ രൂപതാതല ഉദ്ഘാടനം മൂലമറ്റം ഫൊറോനാപ്പള്ളി പാരീഷ്ഹാളിൽ വച്ചു നടത്തി. തദവസരത്തിൽ നിഷ ജോസ് കെ. മാണി മോട്ടിവേഷൻ ക്ലാസ്സ് നടത്തി. അറക്കുളം, മുട്ടുചിറ, മാഞ്ഞൂർ, കുടക്കച്ചിറ ഇടവകകളിലും ബോധവത്കരണക്ലാസ്സ് നടത്തപ്പെട്ടു.

**2. എക്സിക്യൂട്ടീവ് മീറ്റിങ്, രൂപതാസമിതി**

നവംബർ 6-ാം തീയതി 10 മണിക്ക് റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപത എക്സിക്യൂട്ടീവ് കൂടുകയും 17 ഫൊറോനയിലെ മേഖല പ്രസിഡന്റുമാരും രൂപതാസമിതി അംഗങ്ങളും ഒന്നുചേർന്ന് പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2.00 മണിക്ക് രൂപതാസമിതി കൂടുകയും കാര്യങ്ങൾ വിശകലനം ചെയ്യുകയും ചെയ്തു.

**3. വാർഷികം**

നവംബർ 19-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് കളത്തൂക്കടവ് മാതൃവേദി യൂണിറ്റിന്റെ വാർഷിക ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു.

**4. യാത്രയയപ്പ്**

തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ അസിസ്റ്റന്റ് ജനറാൾ ആയി തിരഞ്ഞെടുക്കപ്പെട്ട മാതൃവേദി ജോയിന്റ് ഡയറക്ടർ റവ. ഡോ. സി. എൽസ

ടോം എസ്.എച്ചിന് സംഘടനയുടെ നേതൃത്വത്തിൽ നവംബർ 25-ാം തീയതി യാത്രയയപ്പ് നൽകി.

**5. ക്ലാസ്സ്**

നവംബർ 22-ാം തീയതി വിളക്കുമാടം യൂണിറ്റിൽ 'അമ്മ കുടുംബത്തിന്റെ ശക്തി' എന്ന വിഷയത്തെക്കുറിച്ച് മാതൃവേദി രൂപത സെക്രട്ടറി ഷേർളി ചെറിയാൻ ക്ലാസ്സ് എടുത്തു. ഭരണങ്ങാനം ജോ. ഡയറക്ടർ റവ. സി. ബീന വള്ളിയാംകാട്ട്, മേഖല പ്രസിഡന്റ് ബീന തുരുത്തിക്കര എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**6. സ്നേഹവിരുന്ന്**

നവംബർ 28-ാം തീയതി മാതൃവേദി രൂപതാസമിതിയുടെ നേതൃത്വത്തിൽ ഷലോമിലെ അച്ചൻമാർക്കായി നൽകിയ ക്രിസ്തുമസ് സൽക്കാരത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഏവരെയും സ്വാഗതം ചെയ്തു.

## D. പ്രോലൈഫ്

**1. മീറ്റിങ്**

നവംബർ 21, 22 തീയതികളിൽ കൊല്ലത്തുവച്ചു നടന്ന പ്രോലൈഫ് സമിതിയുടെ മീറ്റിങ്ങിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

## E. ഹോംമിഷൻ

വിവിധ ഇടവകകളിലായി നടത്തിവരുന്ന ഹോം മിഷൻ നവംബർ 9 ന് വെള്ളികുളം ഇടവകയിലും 4 മുതൽ 12 വരെ ചേന്നാട് ഇടവകയിലും 15 മുതൽ 19 വരെ തുടങ്ങനാട് ഇടവകയിലും നടത്തപ്പെട്ടു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. സ്റ്റാഫ് മീറ്റിങ്**

നവംബർ 20-ാം തീയതി കോർ കമ്മിറ്റിയിലെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള മീറ്റിങ്ങിൽ സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു.

## G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് നവംബർ 20,28 തീയതികളിൽ

യുവതികൾക്കും അമ്മമാർക്കുമായി കേക്കുനിർമ്മാണപരിശീലനം നടത്തപ്പെട്ടു. ഡിസംബർ 4, 12 തീയതികളിൽ കേക്ക്, ബിസ്കറ്റ്, പുഡിങ് തുടങ്ങിയവയിലും നിർമ്മാണപരിശീലനം നടത്തപ്പെടുന്നതാണ്. ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എമ്പോസിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048**

### H. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി **കാവുങ്കണ്ടം, അടുക്കം** ഇടവകയിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

### വനിതാകൗൺസിൽ ഉദ്ഘാടനം

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ വനിതാ കൗൺസിൽ ഉദ്ഘാടനം രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ സെക്രട്ടറിയും വനിതാകൗൺസിൽ ഗ്ലോബൽ കോ-ഓർഡിനേറ്ററുമായ ശ്രീമതി ആൻസമ്മ സാബു വനിതാകൗൺസിലിനെപ്പറ്റി വിശദീകരിക്കുകയും നിർദേശങ്ങൾ നല്കുകയും ചെയ്തു. ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

### വനിതാകൗൺസിൽ കോ-ഓർഡിനേറ്റേഴ്സ്

1. റൈബി രാജേഷ് മണിമല, അന്ത്യാളം
2. ലൈസമ്മ ജോർജ് പുളിങ്കാട്, കുടക്കച്ചിറ
3. ഗീത ഫ്രാൻസീസ്, രാമപുരം
4. സുജാ ജോസഫ് കുപ്പമലയിൽ, മഞ്ഞാമറ്റം
5. മോളി തോമസ് വാഴപ്പറമ്പിൽ, കുറവിലങ്ങാട്
6. ചിന്നമ്മ തോമസ് കളപ്പുരയ്ക്കൽ, കുടക്കച്ചിറ
7. ഡാലിയ സക്കറിയാസ് ആറ്റുപുറം, കുരുവിനാൽ
8. ജെസി തോമസ് വാരപ്പടവിൽ, തുരുത്തിപ്പള്ളി

9. മേരി ജോസ് കുന്നുപറമ്പിൽ, മണ്ണാറപ്പാറ
10. രഞ്ജിനി സലിൻ കൊല്ലംകുഴിയിൽ, പൂഴിക്കോൽ
11. ജെസി തോമസ് കളരിക്കൽ, മാൻവെട്ടം
12. ദിവ്യ ബിജു മലയിൽ, മാൻവെട്ടം

**റബർകർഷകധർണ**

റബർകർഷകരെ അവഗണിക്കുന്ന കേന്ദ്ര - സംസ്ഥാനസർക്കാരുകളുടെ പ്രവൃത്തികൾക്കെതിരേ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പാലാ പോസ്റ്റോഫീസ് പടിക്കൽ ധർണ നടത്തി. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, രാജേഷ് പാറയിൽ, ജോൺസൺ ചെറുവള്ളി, ആൻസമ്മ സാബു, അജിത് അരിമറ്റം തുടങ്ങിയവർ പ്രസംഗിച്ചു.

**റബർ കർഷക കണ്ണീർജ്വാല**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കോട്ടയം റബർബോർഡ് ഓഫീസ് പടിക്കൽ റബർഷീറ്റ് കത്തിച്ച് ധർണ നടത്തി. ധർണ ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ഫിലിപ്പ് കവിയിൽ, ഡോ. ജോസുകുട്ടി ഒഴുകയിൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി തുടങ്ങിയവർ സംസാരിച്ചു. കോട്ടയം ലൂർദ് പള്ളിയങ്കണത്തിൽനിന്നു പ്രകടനമായി കളക്ട്രേറ്റ് ചുറ്റി റബർബോർഡ് ആസ്ഥാനത്ത് എത്തിയാണ് ധർണയിരുന്നത്.

പാലാ രൂപതയിൽ നിന്ന് നൂറ്റിയിരുപത്തഞ്ചോളം പ്രവർത്തകർ പങ്കെടുത്തു.

**മുനമ്പം സന്ദർശനം**

വഖഫ് അധിനിവേശത്താൽ കുടിയിറക്കുഭീഷണി നേരിടുന്ന മുനമ്പം ജനതയ്ക്കു പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ നേതൃത്വത്തിൽ പാലാ രൂപതയിൽനിന്ന് സഹവൈദികരും സംഘടനാഭാരവാഹികളും മുനമ്പം സന്ദർശിച്ചു. കത്തോലിക്കാ കോൺഗ്രസിനെ പ്രതിനിധീകരിച്ച് പന്ത്രണ്ട് അംഗങ്ങൾ പങ്കെടുത്തു.

**മുനമ്പം ഐക്യദാർഢ്യദിനം - നവംബർ 10**

മുനമ്പത്തെ ജനതയുടെ സ്ഥലത്തിന്മേലുള്ള വഖഫ് അവകാശവാദം പിൻവലിക്കുക. വഖഫ് ഭേദഗതി മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കുക. ബില്ലിനെതിരേ കേരളനിയമസഭ പാസ്സാക്കിയ പ്രമേയം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നവംബർ 10 ന് രൂപതയിലെ എല്ലാ യൂണിറ്റുകളിലും പ്രതിഷേധറാലികൾ, യോഗങ്ങൾ, ഐക്യദാർഢ്യപ്രതിജ്ഞ എന്നിവ നടത്തി.

**ക്രൈസ്തവമഹാസമ്മേളനം രാമപുരത്ത്**

നവംബർ 17 ന് പാലാ രൂപത ക്രൈസ്തവമഹാസമ്മേളനം രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ മണ്ണിൽ നടത്തി. പതിനായിരങ്ങൾ പങ്കെടുത്ത മഹാ

സമ്മേളനം രൂപതയ്ക്ക് പുത്തനുണർവ് പ്രദാനം ചെയ്തു. കത്തോലിക്കാ കോൺഗ്രസിന്റെ അയ്യായിരത്തോളം അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

**ഫൊറോനാ മീറ്റിങ്ങുകൾ**

**മൂലമറ്റം**

മൂലമറ്റം ഫൊറോനയുടെ പുതിയ അംഗങ്ങളുടെ തിരഞ്ഞെടുപ്പുസമ്മേളനം നവംബർ മൂന്നിന് മൂലമറ്റംപള്ളി പാരീഷ്ഹാളിൽ നടത്തി. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഫൊറോന വികാരി വെരി.റവ. ഫാ. കുര്യൻ കാലായിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, എം.എം. ജേക്കബ്, എഡ്വിൻ പാമ്പാറ, ഫ്രാൻസീസ് കരിമ്പാനി, അജിൻ പനച്ചിക്കൽ തുടങ്ങിയവർ സംസാരിച്ചു.

**പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - | അജിൻ പനച്ചിക്കൽ, മൂലമറ്റം |
| സെക്രട്ടറി | - | ഫ്രാൻസിസ് കരിമ്പാനി, കുടയത്തൂർ |
| ട്രഷറർ | - | സിബി മാളിയേക്കൽ, മൂലമറ്റം |
| വൈസ് പ്രസിഡന്റ് | - | ജോർജ് വേലശ്ശേരി, കുളമാവ് |
| ജോ. സെക്രട്ടറി | - | ജോർജ് പുളിയൻമാക്കൽ, ഇലപ്പള്ളി |

**കോതനല്ലൂർ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത പ്ലാറ്റിനം ജൂബിലിസ്മാരക ദിനത്തിൽ കോതനല്ലൂർ ഫൊറോനയുടെ നേതൃത്വത്തിൽ പണിയുന്ന ഭവനത്തിന്റെ സംഭാവനസ്വീകരണം ഫൊറോനവികാരി പെരിയ ബഹു. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിൽ നിർവഹിച്ചു. സി.എം. ജോർജ്, റ്റോമി കണ്ണീറ്റുമ്യാലിൽ, ഇ.എം. ജോസഫ് ചീനോത്തുപറമ്പിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**അടുക്കളത്തോട്ടമത്സരം-2024**

അടുക്കളത്തോട്ടമത്സരം 2024 ന്റെ യൂണിറ്റുതല മാർക്കിടീൽ പൂർത്തിയായി. ഫൊറോനതലത്തിൽ മാർക്കിടീൽ നടന്നുകൊണ്ടിരിക്കുന്നു. വളരെ നല്ല രീതിയിലുള്ള പങ്കാളിത്തം കണ്ടുവരുന്നു.

**യൂണിറ്റ് വാർത്തകൾ**

**കൊഴുവനാൽ**

കൊഴുവനാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ജീവിതശൈലീരോഗങ്ങളും പ്രതിവിധിയും എന്ന വിഷയത്തിൽ റവ. ഫാ. സൈജു തുരുത്തി എം.സി.ബി.എസ്. ക്ലാസ്സ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

**ചക്കാമ്പുഴ**

വഖഫിന്റെ കുടിയിറക്കുഭീഷണി നേരിടുന്ന മുനമ്പത്തെ ജനങ്ങൾക്കു ഐക്യദാർഢ്യം പ്രഖ്യാപിച്ചു ചക്കാമ്പുഴ യൂണിറ്റ് പ്രസിഡന്റ് സണ്ണി കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ അംഗങ്ങൾ മുനമ്പം സന്ദർശിച്ചു.

**സിബിഗിരി**

മുനമ്പം ഐക്യദാർഢ്യദിനത്തിന്റെ രൂപതാതല ഉദ്ഘാടനം സിബിഗിരി ഇടവകയിൽവച്ച് രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി നിർവഹിച്ചു. വികാരി റവ. ഫാ. ജോൺ പാളിത്തോട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. സമ്മേളനത്തിനു മുമ്പായി പ്രതിഷേധറാലിയും നടത്തി. എബിൻ പാമ്പാറ, ജോസ് മിറ്റത്താനി തുടങ്ങിയവർ സംസാരിച്ചു.

**മേലുകാവുമറ്റം**

മുനമ്പം ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മേലുകാവുമറ്റം യൂണിറ്റ് അംഗങ്ങൾ വികാരി റവ. ഫാ. ജോർജ് കാരാംവേലിയുടെയും പ്രസിഡന്റ് വി.ഐ. ജോർജിന്റെയും നേതൃത്വത്തിൽ മുനമ്പം സന്ദർശിച്ചു.

**കൈപ്പള്ളി**

കൈപ്പള്ളി യൂണിറ്റിൽ യൂത്ത്കൗൺസിൽ ആരംഭിച്ചു. മേഖലാ പ്രസിഡന്റ് ജോർജ് തൊടുവനാലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൈപ്പള്ളി യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോബിൻ പുളിന്താനത്ത് ഉദ്ഘാടനം ചെയ്തു. യൂത്ത് വിങ് കോർഡിനേറ്റർ ക്ലിന്റ് അരിപ്ലാക്കൽ, ജോയിച്ചൻ വലിയപറമ്പിൽ, ജോയി തെക്കേൽ തുടങ്ങിയവർ സംസാരിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കേരളഗ്രോ സ്റ്റോർ ഉദ്ഘാടനം**

കൃഷിയിലേക്കും കാർഷികസംരംഭങ്ങളിലേക്കും കൂടുതൽപേരെ ആകർഷിക്കുന്നതിനും കർഷകർക്ക് അനുകൂലമായ വിപണനസംവിധാനം ഒരുക്കുന്നതിനുമായി സംസ്ഥാന കൃഷിവകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന കേരളഗ്രോ ബ്രാൻഡ് ഉത്പന്നങ്ങളുടെ ജില്ലാ സ്റ്റോർ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രമോട്ട് ചെയ്യുന്നു. പാലാ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് അനുവദിച്ച സ്റ്റോറിന്റെ ഉദ്ഘാടനം സെന്റ് തോമസ് പ്രസ്സിനു സമീപം രൂപത വക കെട്ടിടത്തിൽ മന്ത്രി പി. പ്രസാദ് നിർവഹിച്ചു. മാണി സി.കാപ്പൻ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ സ്വാഗതം ആശംസിച്ചു.

**ആശാകിരണം-ക്യാൻസർ സുരക്ഷായജ്ഞം**

ക്യാൻസറിനെ പ്രതിരോധിക്കുന്ന സമൂഹങ്ങളെ രൂപപ്പെടുത്താനുള്ള പാതയിൽ കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞവുമായി സഹകരിച്ച് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പാലാ മാർ സ്ലീവാ മെഡിസിറ്റിയുമായി ചേർന്ന് മണ്ണയ്ക്കനാട് ഇടവകയിൽ എസ്.എച്ച്.ജി അംഗങ്ങൾക്കും മാതൃവേദി, പിതൃവേദി അംഗങ്ങൾക്കും മറ്റ് ഇടവകാംഗങ്ങൾക്കു

മായി ജീവിതശൈലീബോധനസെമിനാർ 2024 ഒക്ടോബർ 29-ാം തീയതി രാവിലെ 10 മണിക്ക് മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരിഷ്ഹാളിൽ വച്ചു നടത്തി. വികാരി ഫാ. സക്കറിയ മലമാക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. മാർസ്ലീവാ മെഡിസിറ്റി ഓങ്കോളജി അസി. കൺസൾട്ടന്റ് ഡോ. രവിശങ്കർ ടി.ആർ. ക്ലാസ്സുകൾ നയിച്ചു.

**കുട്ടികളും കൃഷിയിലേക്ക്**

കാർഷികരംഗത്തേക്കു പുതുതലമുറയെ ആകർഷിക്കാൻ കോർപ്പറേറ്റിലെ നൂറോളം സ്കൂളുകളിൽ ആരംഭിച്ച 'കുട്ടികളും കൃഷിയിലേക്ക്' പദ്ധതിയുടെ വിലയിരുത്തൽ നടത്തി. കഴിഞ്ഞവർഷത്തെക്കാൾ കൂടുതൽ സ്കൂളുകൾ പദ്ധതിയിൽ പങ്കാളികളാവുകയും കൂടുതൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു. വർഷാവസാനം മികച്ചപ്രവർത്തനം കാഴ്ചവച്ച സ്കൂളുകളെയും വിദ്യാർത്ഥികളെയും അധ്യാപകരെയും ആദരിക്കുന്നതുമാണ്.

**കാർഷികവിപണനമേളകൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ 2024 നവംബർ 10 ന് ചിറ്റാർ സെന്റ് ജോർജ് പള്ളിമൈതാനിയിൽവച്ച് ചിറ്റാർ സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ സ്വദേശവിദേശ ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, ശീതകാല പച്ചക്കറിത്തൈകൾ, ചെടിച്ചട്ടികൾ, ഗ്രോബാഗുകൾ തുടങ്ങിയവയുടെ പ്രദർശനവും വിപണനവും നടത്തി.

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ അഗ്രിമ സെൻട്രൽ നഴ്സറി, അഗ്രിമ ഇക്കോഷോപ്പ് എന്നിവയുടെ സഹകരണത്തോടെ 2024 നവംബർ മൂന്നാം തീയതി അരുണാപുരം സെന്റ് തോമസ് പള്ളിയങ്കണത്തിൽ സ്വദേശ - വിദേശ ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, ശീതകാല പച്ചക്കറിത്തൈകൾ, ചെടിച്ചട്ടികൾ, ഗ്രോബാഗുകൾ നടീൽവസ്തുക്കൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ തുടങ്ങിയവയുടെ പ്രദർശനവും വിപണനവും നടത്തുകയുണ്ടായി.

**നൈപുണ്യവികസന പരിശീലനകേന്ദ്രം**

പാലാ സോഷ്യൽ വെയൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന കൃഷിവകുപ്പിന്റെയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെയും സഹകരണത്തോടെ പാലായിൽ പ്രവർത്തിക്കുന്ന അഗ്രിമ കർഷകമാർക്കറ്റ് നഴ്സറിയുടെ ബ്രാഞ്ച് മുട്ടുചിറ സിയോൻഭവനിൽ 2024 നവംബർ 4ന് പ്രവർത്തനം ആരംഭിച്ചു.

പച്ചക്കറിത്തൈകൾ മുതൽ വിദേശ ഫലവൃക്ഷത്തൈകൾ വരെ ലഭ്യമാകുന്ന കാർഷികനഴ്സറി, ഗ്രാമീണ കർഷകസംരംഭകരുടെ ഗുണമേന്മയുള്ള ഉത്പന്നങ്ങളുടെ വിപണി ഒരുക്കുന്ന റൂറൽ മാർട്ട്, വൈവിധ്യമായ നൈപുണ്യവികസന പരിശീലനപരിപാടികൾ തുടങ്ങിയവ മുട്ടുചിറ സിയോൻഭവനിൽ ആരംഭിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വികാരി റവ. ഫാ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ അധ്യ

ക്ഷത വഹിച്ചു. അഡ്വ. മോൻസ് ജോസഫ് എം.എൽ.എ ആദ്യവില്പന നിർവ ഹിച്ചു. വികാരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നട ത്തി. ചടങ്ങിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ സ്വാഗതം ആശംസിച്ചു.

**സജീവം – ലഹരിവിരുദ്ധയജ്ഞം**

**പ്രസംഗമത്സരം**

കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽസർവ്വീസ് ഫോറവും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും കൈകോർത്ത് സമൂഹത്തിലെ മയ ക്കുമരുന്നുവ്യാപനത്തിനെതിരേ നടത്തുന്ന സജീവം – ലഹരിവിരുദ്ധയ ജ്ഞത്തിന്റെ ഭാഗമായി മാതാപിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലേക്ക് – രൂപതാതലത്തിൽ 2024 ഡിസംബർ 14–ാം തീയതി ശനി രാവിലെ 9 മണിമുതൽ പ്രസംഗമത്സരം നടത്തുന്നു.

**ബോധനസെമിനാർ**

സജീവം – ലഹരിവിരുദ്ധയജ്ഞത്തിന്റെ ഭാഗമായി സെന്റ് ജോസഫ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി ചൂണ്ടച്ചേരിയിൽ 2024 നവംബർ 21 ന് ബോധനസെമിനാർ നടത്തി. PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം SJCET ഡയറക്ടർ റവ. ഡോ. ജെയിംസ് മംഗലത്ത് ഉദ്ഘാടനം ചെയ്തു. ശ്രീമതി ആഷ മരിയ പോൾ (സൈക്യാ ട്രിക് സോഷ്യൽ വർക്കർ, പാലാ വിമുക്തി അഡിക്ഷൻ സെന്റർ) ക്ലാസ്സുകൾ നയിച്ചു.

**വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയോട് അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾ, ഇടവകതലസ്വാശ്രയസം ഘങ്ങൾ എന്നിവയുടെ വാർഷികാഘോഷങ്ങൾ വിവിധ ഗ്രൂപ്പുകളിലും ഇടവക കളിലും നടത്തപ്പെട്ടു. കൂട്ടിക്കൽ ഫൊറോനായിലെ ഏന്തയാർ സ്വാശ്രയസംഘ ത്തിന്റെ വാർഷികം എസ്. എസ്. ഡയറക്ടർ ഫാ. ജോർജ് ചൊള്ളനാലിന്റെ അധ്യക്ഷതയിൽ PSWS അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്ക യിൽ ഉദ്ഘാടനം ചെയ്തു.

**കേക്കുനിർമ്മാണപരിശീലനം**

ക്രിസ്തുമസിനോടനുബന്ധിച്ച് വിഷരഹിതമായ കേക്കുകൾ കുടുംബ ങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി PSWS കോതനല്ലൂർ, കടുത്തുരുത്തി, ഇല ഞ്ഞി, മുട്ടുചിറ, കുറവിലങ്ങാട് ഫൊറോനകളെ പങ്കെടുപ്പിക്കുന്നതിനായി മുട്ടു ചിറ സിയോൻ ഭവനിൽവച്ച് ഡിസംബർ 4, 14 തീയതികളിലും പാലാ ഭാഗത്തുള്ള ഫൊറോനാകളിലെ ആളുകൾക്കായി നവംബർ 30 –ാം തീയതി പാലാ അഗ്രിമ യിൽ വച്ചും ലളിതമായ രീതിയിൽ കേക്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ പരി ശീലനം നല്കുന്നു.

**സൺഡേ മാർക്കറ്റ് ആരംഭിച്ചു**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സ്വാശ്രയസംഘത്തിന്റെയും ഇൻഫാം എന്നിവയുടെയും നേതൃത്വത്തിൽ കടുത്തുരുത്തി താഴത്തുപള്ളിയിൽ സൺഡേ മാർക്കറ്റ് ആരംഭിച്ചു. കർഷകരുടെ ഉൽപന്നങ്ങൾക്കു ന്യായവില ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് സൺഡേമാർക്കറ്റുകൾ ആരംഭിച്ചിരിക്കുന്നത്. കടുത്തുരുത്തി എം.എൽ.എ. അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വികാരി റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ അധ്യക്ഷത വഹിക്കുകയും PSWS ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ആദ്യവില്പന നടത്തുകയും ചെയ്തു.

**എയ്റോബിക് കമ്പോസ്റ്റ് ബിൻ വിപണനം**

ഭക്ഷണാവശിഷ്ടങ്ങളും അടുക്കളമാലിന്യങ്ങളും നൂതന സാങ്കേതിക വിദ്യപ്രകാരം സംസ്കരിച്ച് വളമാക്കി മാറ്റുന്ന എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വിപണിയിലിറക്കി. എയ്റോബിക് കമ്പോസ്റ്റ് മീഡിയായ്ക്കൊപ്പം മൂന്ന് എയ്റോബിക് ബിന്നുകൾ ഉൾപ്പെടുന്ന യൂണിറ്റുകളാണ് പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വിതരണം ചെയ്യുന്നത്. യൂണിറ്റുകളുടെ വിപണന അവതരണം രൂപത വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയുടെ നടത്തിപ്പിനായുള്ള സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം 2024 നവംബർ 1 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുകയുണ്ടായി. രൂപത വികാരി ജനറാളും പ്രോഗ്രാം ഇൻ ചാർജുമായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി വികാരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, വിവിധ കമ്മിറ്റി കൺവീനേഴ്സ്, വിവിധ സംഘടനാഭാരവാഹികൾ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

**ഫുഡ് & അക്കോമഡേഷൻ കമ്മിറ്റി മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചുള്ള ഫുഡ് & അക്കോമഡേ

ഷൻ കമ്മിറ്റി രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ചു കൂടുകയുണ്ടായി. രാമപുരം സെന്റ് അഗസ്റ്റിനോസ് ഫൊറോനപ്പള്ളി വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറത്തിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ കമ്മിറ്റി കൺവീനർ ഫാ. ജോവാനി കുറുവാച്ചിറ, സണ്ണി പി.എം. തുടങ്ങിയവർ പങ്കെടുത്തു.

**രൂപതാഭാരവാഹികളുടെ മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ച് DCMS രൂപത ഭാരവാഹികളുടെ മീറ്റിങ് 2024 നവംബർ 2 ശനിയാഴ്ച രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ രൂപത വികാരി ജനറാളും പ്രോഗ്രാം ഇൻചാർജ്ജുമായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, ഓർഗനൈസർ ബേബി ആന്റണി, ഖജാൻജി മേരി എം.പി. എന്നിവർ പങ്കെടുത്തു.

**പ്രോഗ്രാം കമ്മിറ്റി മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള പ്രോഗ്രാം കമ്മിറ്റി മീറ്റിങ് 2024 നവംബർ 2 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോഗ്രാം ഇൻചാർജ്ജായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. കമ്മിറ്റി കൺവീനർ ഫാ. തോമസ് കിഴക്കയിൽ, DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഓഫീസ് ഇൻ ചാർജ് ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, പ്രോഗ്രാം കമ്മിറ്റിയംഗങ്ങൾ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

**ഇൻവിറ്റേഷൻ കമ്മിറ്റി മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള ഇൻവിറ്റേഷൻ കമ്മിറ്റി മീറ്റിങ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോഗ്രാം ഇൻചാർജ്ജായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഓഫീസ് ഇൻചാർജ് ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, ഫാ. ഐസക്ക് പെരിങ്ങാമലയിൽ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, പ്രോഗ്രാം കമ്മിറ്റി അംഗങ്ങൾ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

**സപ്ലിമെന്റ് കമ്മിറ്റി മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള സപ്ലിമെന്റ് കമ്മിറ്റി മീറ്റിങ് 2024 നവംബർ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് പ്രോഗ്രാം ഇൻചാർജ്ജായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ വൈസ് പോസ്റ്റുലേറ്റർ റവ.ഫാ.തോമസ് വെട്ടുകാട്ടിൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, മീഡിയ കൺവീനർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടത്തിൽ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി, ജോയ് മാത്യു, സണ്ണി പി.എം. എന്നിവർ പങ്കെടുത്തു.

**പ്രസ് മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയസിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള പ്രസ്സ് മീറ്റിങ് 2024 നവംബർ 13 ബുധനാഴ്ച ബിഷപ്സ് ഹൗസിൽ നടത്തി. പ്രസ് മീറ്റിങ്ങിൽ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, പ്രോഗ്രാം ഇൻചാർജ്ജും രൂപത വികാരി ജനറാളുമായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. റവ. ഡോ. ജോസഫ് കണിയോടിക്കൽ, രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളി വികാരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർ പറമ്പിൽ കുഞ്ഞച്ചൻ വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, DCMS രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ്, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, മീഡിയ കൺവീനർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടത്തിൽ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

**സ്റ്റേജ് ലൈറ്റ് & സൗണ്ട് കമ്മിറ്റി**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള സ്റ്റേജ് ലൈറ്റ് & സൗണ്ട് കമ്മിറ്റി 2024 നവംബർ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് കമ്മിറ്റി കൺവീനർ ഫാ. ക്രിസ്റ്റി പന്തലാനിക്കലിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രോഗ്രാം ഇൻ ചാർജായ മോൺ ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി വികാരി റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, മീഡിയ കൺവീനർ ഫാ. ജോർജ്

നെല്ലിക്കുന്നുചെരിവുപുരയിടത്തിൽ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി, ജോയ് മാത്യു, സണ്ണി പി.എം., രാമപുരം ഫൊറോനപ്പള്ളി കൈക്കാരന്മാർ, കമ്മിറ്റിയംഗങ്ങൾ, രാമപുരം പള്ളിയിലെ സംഘടനാഭാരവാഹികൾ എന്നിവർ മീറ്റിങ്ങിൽ പങ്കെടുക്കുകയും പള്ളിമൈതാനം സന്ദർശിക്കുകയും ചെയ്തു.

**വോളണ്ടിയേഴ്സ് കമ്മിറ്റി മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള വോളന്റിയേഴ്സ് കമ്മിറ്റി മീറ്റിങ് 2024 നവംബർ 14 വ്യാഴം, 16 ശനിയാഴ്ച എന്നീ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് പ്രോഗ്രാം ഇൻചാർജായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപള്ളി വികാരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, ഫാ. ജോർജ് പോളച്ചിറ കുന്നുംപുറം, ഫാ. ജോർജ്ജ് ചാത്തൻകുന്നേൽ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി, മറ്റു കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**ട്രാഫിക് കമ്മിറ്റി മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള ട്രാഫിക് കമ്മിറ്റി മീറ്റിങ് 2024 നവംബർ 15 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് പ്രോഗ്രാം ഇൻചാർജായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ട്രാഫിക് കമ്മിറ്റി കൺവീനർ ഫാ. സ്കറിയ വേകത്താനം, രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, ഫാ. ജോർജ് പോളച്ചിറ കുന്നുംപുറം, ഫാ. ജോർജ്ജ് ചാത്തൻകുന്നേൽ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി മറ്റു കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**രജിസ്ട്രേഷൻ കമ്മിറ്റി മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള രജിസ്ട്രേഷൻ കമ്മിറ്റി മീറ്റിങ് 2024 നവംബർ 15 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രാമപുരം സെന്റ്

അഗസ്റ്റിൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് പ്രോഗ്രാം ഇൻചാർജായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, കമ്മിറ്റി കൺവീനർ ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി, ഫാ. എബ്രഹാം കാക്കാനിയിൽ, ഫാ. ജോവാനി കുറുവാച്ചിറ, ഫാ. ജോൺ മണാങ്കൽ DCMS വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, ഖജാൻജി മേരി എം.പി., ഓർഗനൈസർ ബേബി ആന്റണി, മറ്റു കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**സ്റ്റീയറിംഗ് കമ്മിറ്റി മീറ്റിങ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള കമ്മിറ്റി 2024 നവംബർ 15 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് പ്രോഗ്രാം ഇൻചാർജായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി വികാരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, കടനാട്, പ്രവിത്താനം ഫൊറോനപ്പള്ളി വികാരിമാർ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി, വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, ഖജാൻജി മേരി എം. പി, ജോയ് മാത്യു, സണ്ണി പി.എം. തുടങ്ങി കമ്മിറ്റിയംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

ദേശീയസിമ്പോസിയം, മഹാസമ്മേളനം എന്നിവയുടെ അവസാനഘട്ട ആലോചന നടത്തുകയും സമ്മേളനനഗരി സന്ദർശിക്കുകയും ചെയ്തു.

**ദേശീയസിമ്പോസിയം**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചു നടത്തിയ ദേശീയ സിമ്പോസിയം 2024 നവംബർ 17 ഞായറാഴ്ച രാവിലെ 9.30 നു രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് KCBC/SC/ST/BC/ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് അധ്യക്ഷത വഹിച്ചു. മാർ ജേക്കബ് മുരിക്കൻ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സമ്മേളനത്തിനു സ്വാഗതം ആശംസിച്ചു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. ജോസഫ് മലേപ്പറമ്പിൽ, DCMS സംസ്ഥാന ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, AICUMER ദേശീയ പ്രസിഡന്റ് ബ്രദർ ജോസ് ഡാനിയേൽ എന്നിവർ ആശംസകൾ അർപ്പിച്ചു. സിമ്പോസിയത്തിൽ 'ദളിത്ക്രൈസ്തവരുടെ നിജസ്ഥിതിയും ശക്തീകരണ

വഴികളും' എന്ന വിഷയത്തിൽ DCMS ചങ്ങനാശ്ശേരി രൂപത പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, 'ദളിത്ക്രൈസ്തവവിമോചനത്തിന്റെ സമഗ്രത സഭയിൽ' എന്ന വിഷയത്തിൽ റവ. ഡോ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ, 'വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ ദളിത് ക്രൈസ്തവരുടെ മാർഗദർശി' എന്ന വിഷയത്തിൽ DCMS പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ ക്ലാസുകൾ എടുത്തു. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ വൈസ് പോസ്റ്റു ലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ മോഡറേറ്ററായിരുന്നു. സിമ്പോസിയത്തിനു ശേഷം DCMS രൂപത സെക്രട്ടറി ബിന്ദു ആന്റണി കൃതജ്ഞത അർപ്പിച്ചു. DCMS ആന്തത്തോടെ ദേശീയ സിമ്പോസിയം അവസാനിച്ചു.

**ക്രൈസ്തവമഹാസമ്മേളനം**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്ക മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ച് 2024 നവംബർ 17 ഞയറാഴ്ച ഉച്ചകഴിഞ്ഞ് 1.15 നു രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി മൈതാനി യിൽ ക്രൈസ്തവമഹാസമ്മേളനം നടന്നു. സമ്മേളനത്തിനു മുന്നോടിയായി വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ സീറോ മലങ്കരസഭ മേജർ ആർച്ചുബിഷപ് മോറാൻ മോർ ബസേലിയോസ് കാർഡിനൽ ക്ലീമിസ് കാതോലിക്കാ ബാവാ തിരി തെളിച്ചു വിശ്വാസികളെ അഭിസംബോധന ചെയ്തു സംസാരിച്ചു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോ ലീത്താ ആർച്ചുബിഷപ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തിന് രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി വികാരി റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം സ്വാഗതം ആശംസിച്ചു. കേരള ജലവിഭവ വകുപ്പുമന്ത്രി ശ്രീ റോഷി അഗസ്റ്റിൻ ജൂബിലിസന്ദേശം നല്കി. DCMS പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ മുഖ്യപ്രഭാഷണം നടത്തി. എം.പി. മാരായ ശ്രീ ജോസ് കെ. മാണി, ശ്രീ ആന്റോ ആന്റണി, എം.എൽ.എ. മാരായ ശ്രീ മാണി സി. കാപ്പൻ, ശ്രീ മോൻസ് ജോസഫ്, ശ്രീ സെബാസ്റ്റ്യൻ കുളത്തുങ്കൽ, ശ്രീ പി.സി. ജോർജ്, DCMS സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ, കുടക്കച്ചിറ ഗവൺമെന്റ് എൽ. പി.എസ്. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ, കേരള കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു.

സമ്മേളനവേദി അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ സാന്നിധ്യംകൊണ്ട് അനുഗൃഹീതമായിരുന്നു. സമ്മേളനത്തിന് DCMS രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് കൃതജ്ഞത അർപ്പിച്ചു ദേശീയ ഗാനത്തോടെ സമ്മേളനം അവസാനിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോംസ് മീറ്റിങ്ങുകൾ**

1) സ്പെഷൽ സ്കൂൾ വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി.

2) ഓൾഡ് ഏജ് ഹോം വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിങ് ഓൺലൈനായി നടന്നു.

3 സൈക്കോ സോഷ്യൽ വിഭാഗം ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി.

**2. ക്രൈസ്തവമഹാസമ്മേളനവും സിമ്പോസിയവും**

രാമപുരത്തുവച്ചു നടന്ന സിമ്പോസിയത്തിലും ക്രൈസ്തവമഹാസമ്മേളനത്തിലും കെയർ ഹോംസ് എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിങ്**

1. രൂപത എക്സിക്യൂട്ടീവ് മീറ്റിങ് കൂടി

**2.ക്രൈസ്തവ മഹാസമ്മേളനവും സിമ്പോസിയവും**

രാമപുരത്തുവച്ചു നടന്ന സിമ്പോസിയത്തിലും ക്രൈസ്തവമഹാസമ്മേളനത്തിലും കെ.എൽ.എം എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**3. സുരക്ഷാ ക്ഷേമനിധി പുതുക്കൽ**

സുരക്ഷാക്ഷേമനിധി അംഗങ്ങളുടെ പുതുക്കൽ ഡിസംബർ 31 വരെ സ്വീകരിക്കും.

**4. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

**5.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ**

നവംബർ മാസം 3, 10, 17, 24 തീയതികളിൽ AA കൂട്ടായ്മകൾ നടത്തപ്പെട്ടു. ചികിത്സാനന്തരം ലഹരിയാസക്തിയെ അതിജീവിക്കുന്നതിനാവശ്യമായ ബോധവത്കരണക്ലാസ്സുകളും പങ്കുവയ്ക്കലുകളും യോഗത്തിൽ ഉൾപ്പെട്ടിരുന്നു.

**ലഹരിവിരുദ്ധക്ലാസ്സുകൾ**

പൊതുസമൂഹത്തെയും പ്രത്യേകമാംവിധം കുട്ടികളെയും ലഹരി എന്ന മാരകവിപത്തിൽനിന്ന് അകറ്റിനിർത്തുക എന്ന ലക്ഷ്യത്തോടെ ഓരോ ഞായറാഴ്ചയും ചെമ്മലമറ്റം പന്ത്രണ്ടു ശ്ലീഹന്മാരുടെ പള്ളി, ചേറ്റുതോട് ഫാത്തിമ മാതാ പള്ളി, ചേന്നാട് ലൂർദു മാതാപള്ളി, ചോലത്തടം സെന്റ് മേരീസ് പള്ളി എന്നീ പള്ളികൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധബോധവത്കരണക്ലാസ്സുകൾ അഡാർട്ട് ഡയറക്ടർ നടത്തി.

**ആത്മവിശുദ്ധീകരണധ്യാനം**

നവംബർമാസം 14, 15 തീയതികളിൽ അഡാർട്ടിൽ ആത്മവിശുദ്ധീകരണധ്യാനം നടത്തപ്പെട്ടു. അഡാർട്ടിൽ ചികിത്സയിൽ ആയിരിക്കുന്നവർക്കും മുൻകാലങ്ങളിൽ ചികിത്സതേടിയവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നടത്തപ്പെട്ട ധ്യാനത്തിൽ നിരവധി പേർ പങ്കെടുത്തു. ധ്യാനത്തിന് ഫാ. മാത്യു പുതിയിടത്ത്, ഫാ. മാത്യു മാടയാങ്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ, ശ്രീ ജോസ് പനച്ചിക്കാട്, ഔതച്ചൻ പനച്ചിക്കൽകരോട്ട്, ജോസ് കാവാലി, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**സന്ദർശനങ്ങൾ**

മണിമലക്കുന്ന് സ്കൂൾ ഓഫ് മെഡിക്കൽ എജ്യുക്കേഷൻ വിദ്യാർത്ഥികൾ അഡാർട്ട് സന്ദർശിച്ചു. ലഹരിയാസക്തിരോഗം, ചികിത്സയിലെ വിവിധ ആഭിമുഖ്യങ്ങൾ തുടങ്ങിയ വിഷയങ്ങളിലെ ക്ലാസ്സുകൾ പ്രസ്തുത വിദ്യാർത്ഥികൾക്കായി നൽകി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് സംസ്ഥാനതല ഫൈനൽ മത്സരം 2024 നവംബർ 23,24 തീയതികളിൽ പാലാരിവട്ടം പി.ഒ.സിയിൽ വച്ചു നടന്നു. അരുവിത്തുറ ഇടവകാംഗം പൈക്കാട്ട് ലിസ്മരിയ 'സി' വിഭാഗത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പയസ്മൗണ്ട് ഇടവകയിൽനിന്നുള്ള ക്രിസ്റ്റോ ജോർജ് ചെരുവിൽ (എ വിഭാഗം), ഫാത്തിമാപുരം ഇടവകയിൽനിന്നുള്ള സി. സൗമ്യ

ജോസ് സി.എസ്.എസ് (സി വിഭാഗം) ഏന്തയാർ ഇടവകയിൽനിന്നുള്ള അനിറ്റ തോമസ് പാറയ്ക്കൽ (ഡി വിഭാഗം), ഭരണങ്ങാനം ഇടവകയിൽനിന്നുള്ള ബാബു പോൾ പെരിയപ്പുറം (ഇ വിഭാഗം) എന്നിവർ 4-ാം സ്ഥാനം കരസ്ഥമാക്കി. ലോഗോസ് ഫാമിലിക്വിസ് മത്സരത്തിൽ മരങ്ങാട്ടുപിള്ളി ഇടവകയിൽ നിന്നുള്ള ബെന്നി ജോസഫ് മലപ്രവനാൽ കുടുംബം സംസ്ഥാനതലത്തിൽ 4- ാം സ്ഥാനം നേടി. ഭിന്നശേഷിക്കാർക്കുവേണ്ടി നടന്ന മത്സരത്തിൽ കാതറിൻ ജോർജ്, സിയോണ സിനോജ്, ചാൾസ് ആന്റണി ജേക്കബ്- മണ്ണയ്ക്കനാട് സ്കൂൾ 4-ാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ!

**ഡിസംബർ-ബൈബിൾ പാരായണ മാസം**

ഡിസംബർ ബൈബിൾ പാരായണമാസമാണല്ലോ. ബൈബിൾ പാരായണമാസത്തിന്റെ രൂപതാതല ഉദ്ഘാടനം 2024 ഡിസംബർ 1-ാം തീയതി രാവിലെ 10.30ന് കിഴതടിയൂർ ദേവാലയത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നതാണ്. നമ്മുടെ ഇടവകകളിൽ ബൈബിൾപാരായണം ഉൾപ്പെടെ ബൈബിൾ അധിഷ്ഠിത പരിപാടികൾ നടത്താൻ ശ്രദ്ധിക്കുമല്ലോ.

**ബൈബിൾകോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ നവംബർമാസത്തെ ക്ലാസ് ഫാ. തോമസ് മണ്ണൂർ നയിച്ചു. ഡിസംബർമാസത്തെ ക്ലാസ്സ് 2024 ഡിസംബർ 14ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

1. തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം, ശനി ദിവസങ്ങളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ മധ്യസ്ഥപ്രാർത്ഥന നടക്കുന്നു.

2. നവം. 9, 19 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലസ്സെടുത്തു.

3. നവം. 19 ന് ഹോസ്പിറ്റൽ മിനിസ്ട്രി അംഗങ്ങൾ മൂലമറ്റം ബിഷപ് വയലിൽ ഹോസ്പിറ്റൽ സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. സെബാസ്റ്റ്യൻ പൈലി, സി. ജെയ്സി എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

4. ജയിൽമിനിസ്ട്രി അംഗങ്ങൾ നവംബർമാസത്തിൽ കോട്ടയം, ഇടുക്കി ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ തെരുവുശുശ്രൂഷ നടത്തി. റിട്ട. എസ്. ഐ. മാത്യു സാർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

5. **ബൈബിൾ കൺവെൻഷൻ വാർത്തകൾ**

42-ാമത് രൂപത ബൈബിൾ കൺവെൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. രൂപതയിലെ മുഴുവൻ ഇടവകകളിലും പ്രാർത്ഥനാക്കാർഡുകളും കൂപ്പണുകളും പോസ്റ്ററും എത്തിച്ചു. മധ്യസ്ഥപ്രാർത്ഥന സെപ്തംബർ 9 മുതൽ

തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നു. കൺവെൻഷന്റെ സുഗമമായ നടത്തിപ്പിന് ബഹു. വൈദികരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ് മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ദാ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണി മുതൽ 2 മണി വരെ കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. നവംബർമാസത്തിൽ ബ്രദർ ഇമ്മാനുവേൽ കൊല്ലം, ബ്രദർ തോമസ് കുമളി, ഫാ. ബാബു വരിക്കമാക്കിയിൽ CST ഹോസൂർ ബാംഗ്ലൂർ, സി. ഡെൻസി SD കോതമംഗലം, ബ്രദർ ആന്റണി മുക്കാട് എന്നിവർ ഓരോ ആഴ്ചയിലും വചനപ്രേഘോഷണം നടത്തുകയുണ്ടായി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്ര ദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മധ്യസ്ഥ പ്രാർത്ഥനാദിനമായി പാലാ സോണിന് നല്കപ്പെട്ടിരിക്കുന്ന നവംബർ 7 ന് തീക്കോയി സെന്റ് മേരീസ് ദൈവലയത്തിൽ വച്ച് ഉപവാസ മധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ (പാലാ സോൺ ആനിമേറ്റർ) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ വിശുദ്ധ കുർബാന യർപ്പിച്ചു സന്ദേശം നൽകുകയും ശ്രീ ബാബു തൊമ്മനാമറ്റം വചനസന്ദേശം നൽകുകയും ചെയ്തു.

റവ.ഫാ. തോമസ് മേനാച്ചേരിൽ (വികാരി, സെന്റ് മേരീസ് ദൈവാലയം തീക്കോയി) റവ.ഫാ. ജോസഫ് താന്നിക്കപ്പാറ (തീക്കോയി സബ് സോൺ ആനിമേറ്റർ) പാലാ സോൺ, തീക്കോയി സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രുഷകൾക്കു നേതൃത്വം നൽകുകയുണ്ടായി.

3. പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ് പുത്തൻപള്ളി വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**4.** വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5. രാത്രി ആരാധന**

വി. അൽഫോൻസാ തീർത്ഥാടനദേവാലയത്തിൽ വച്ച് നവംബർ 30 ശനി രാത്രി ആരാധന നടത്തപ്പെട്ടു. റവ. ഫാ. നോബിൾ തോട്ടത്തിൽ HGN (ഗുഡ് ന്യൂസ് ധ്യാനകേന്ദ്രം പാമ്പാടി) വചനപ്രഘോഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ,

സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6.** നവംബർ 16 ശനി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ മറ്റു വചനപ്രഘോഷകരും കൗൺസെലിങ് ശുശ്രൂഷ ചെയ്യുന്നവരും ഒന്നിച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**7.** നവംബർ 9 ശനി പാലാ കിഴതടിയൂർ സെന്റ് ജോസഫ്സ് ദൈവലയത്തിൽ വച്ച് പാലാ സോൺ YU4C യുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കും, കുട്ടികൾക്കുമായി ഏകദിനധ്യാനം നടത്തുകയുണ്ടായി.

8. നവംബർ 23 ശനി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതയിൽ ഓൺലൈനായോ, ഫിസിക്കലായോ ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS) പൂർത്തീകരിച്ചവരുടെ ഒരു സംഗമം നടത്തുകയുണ്ടായി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**യൂണിറ്റ് പ്രാർത്ഥന**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ആദ്യഞായറാഴ്ച അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവരുടെ കുടുംബാംഗങ്ങൾക്കായും ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**കൗൺസെലിങ്**

പാലാ സബ് ജയിലിലെ തടവറയിൽ കഴിയുന്നവർക്കായി നവംബർമാസം 16, 18 തീയതികളിൽ കൗൺസെലിങ് നടത്തപ്പെട്ടു. ഫാ. ജെയിംസ് പൊരുന്നോലിൽ, സി. ജിസ്മി, സി. ജെസിൻ, ഫോൻസി പി. സ്കറിയ തുടങ്ങിയവർ നേതൃത്വം വഹിച്ചു.

**ബോധവത്കരണക്ലാസ്സുകൾ**

തടവറയിൽ കഴിയുന്നവരുടെ ജീവിതനവീകരണം, ലക്ഷ്യബോധം വളർത്തുക, കുറ്റകൃത്യങ്ങളിൽനിന്ന് അകന്നിരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി ബോധവത്കരണക്ലാസ്സുകൾ ക്രമീകരിച്ചു. ശ്രീ കെ.പി. ജോസഫ് ക്ലാസ്സുകൾ നയിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** രണ്ടാം ശനിയാഴ്ചതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗസമർ

പ്പണം, അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ അഭിഷേക-കൈവയ്പ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - നവംബർ 9 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**2.** 2024 നവംബർ 10 മുതൽ 16 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടന്നു.

**3.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്തമാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 ഡിസംബർ 14 - ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2024 ഡിസംബർ 26 മുതൽ ജനുവരി 1 വരെ പഞ്ചദിന ദൈവരാജ്യാനുഭവ ധ്യാനം.

ബുക്കിങ്ങിന് : www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

പാലാ രൂപത ഫ്രാൻസിസ്കൻ അല്മായസഭയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനാക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

ഫ്രാൻസിസ്കൻ അല്മായസഭ പൂവരണി S.H CHURCH യൂണിറ്റിന്റെ വാർഷികം 2024 നവംബർ ഒമ്പതാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് വിവിധ പരിപാടികളോടെ പാരിഷ് ഹാളിൽ വച്ചു നടത്തപ്പെട്ടു. S. F. O പാലാ രൂപത സ്പിരിചൽ അസിസ്റ്റന്റും അസി. ഡയറക്ടറുമായ ഫാ. ജിതിൻ വടക്കുംമുറി വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ് റ്റിറ്റി മാണി പുല്ലാട്ട് അധ്യക്ഷത വഹിച്ചു. പൂവരണിപ്പള്ളി വികാരിയും യൂണിറ്റ് ഡയറക്ടറുമായ റവ. ഫാ. മാത്യു തെക്കേൽ മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് വികാരി റവ. ഫാ. എബിൻ തെള്ളിക്കുന്നേൽ, റവ.ഫാ. ജിതിൻ വടക്കുമുറി OFM. Cap:, SFO രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ എന്നിവർ ആശംസകൾ നേർന്നു. സമ്മേളനത്തിൽ വച്ച് വിദ്യാഭ്യാസധനസഹായവിതരണവും, ബൈബിൾ ക്വിസ് സമ്മാനവിതരണവും, അഗതിഭവൻ ധനസഹായവിതരണവും നടത്തി. യൂണിറ്റ് സെക്രട്ടറി ജീൻ മരിയ റിപ്പോർട്ട് അവതരിപ്പിച്ചു. ബ്രദർ ജോസഫ് തോമസ് വരിക്കമാന്തടത്തിൽ സ്വാഗതവും ബ്രദർ സാബു വട്ടോളിൽ കൃതജ്ഞതയും രേഖപ്പെടുത്തി. സമ്മേളന ത്തിനുശേഷം സ്നേഹവിരുന്ന് നടത്തപ്പെട്ടു.

പാലാ രൂപത സ്ഥാപിതമായതിന്റെ പ്ലാറ്റിനംജൂബിലിയുടെയും ഡിസിഎംഎസ് സംഘടന രൂപീകൃതമായതിന്റെ സപ്തതിയാഘോഷങ്ങളുടെയും ഭാഗമായി രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന ദൈവാലയാങ്കണത്തിലെ വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ നഗറിൽ വച്ച് 17-11-2024 ഞായറാഴ്ച നടന്ന സഭൈക്യസമ്മേളനത്തിൽ പാലാ രൂപത SFO യിലെ എല്ലാ യൂണിറ്റുകളിൽനിന്നും അല്മായസഭാംഗങ്ങൾ പങ്കെടുത്തു. അന്നേദിവസം രാവിലെ പാരിഷ് ഹാളിൽ വച്ചു നടന്ന സിമ്പോസിയത്തിൽ SFO പാലാ രൂപത ഡയറക്ടറും സ്പിരിചൽ അസിസ്റ്റന്റുമായ റവ. ഫാ. ആന്റണി വെച്ചൂർ OFM. Cap:, റ്റിസി രാജു കടലംകാട്ട്, ജോസ് ജോസഫ് മനയ്ക്കലയാട്ട്, സി. ജെ. കുര്യൻ ചെറുകാട്ടിൽ, ടോമി തോമസ് കുന്നത്തൂർ, ടോണി അഗസ്റ്റിൻ വലിയവീട്ടിൽ എന്നിവർ മൂന്നാം സഭയെ പ്രതിനിധീകരിച്ചു പങ്കെടുത്തു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിങ്**

1) ഡി.എഫ്.സി. രൂപത, ഫൊറോന എക്സിക്യൂട്ടീവ് മീറ്റിങ് കൂടി.

2) കടനാട് ഫൊറോന ഡി.എഫ്.സി. മീറ്റിങ് നടന്നു. കൺവെൻഷൻ അവലോകനവും കണക്കവതരണവും നടത്തി.

**2. ഫൊറോന കൺവെൻഷൻ**

**1) ഭരണങ്ങാനം**

ഭരണങ്ങാനം ഫൊറോന കൺവെൻഷൻ നവംബർ 24 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഭരണങ്ങാനം മിനി പാരീഷ്ഹാളിൽവച്ചു നടത്തി. ഭരണങ്ങാനം ഫൊറോന വികാരി ഫാ. സഖറിയാസ് ആട്ടപ്പാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന കൺവെൻഷൻ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ആമുഖപ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. ടോം വാഴയിൽ, സംസ്ഥാനപ്രസിഡന്റ് ജോർജ് വടക്കേൽ, രൂപത പ്രസിഡന്റ് ജയ്സൺ ജോസഫ് കുഴികോടിയിൽ, സംസ്ഥാന ട്രഷറർ മോളി ജോൺ കുന്നുംപുറം, വനിതാവിഭാഗം പ്രസിഡന്റ് ജാൻസി ജോസഫ് തോട്ടക്കര, ഫൊറോന പ്രസിഡന്റ് ചാക്കോച്ചൻ കളപ്പുര, ഫൊറോന വനിതാ പ്രസിഡന്റ് ഡെയ്സമ്മ സെബാസ്റ്റ്യൻ ചൊവ്വാറ്റുകുന്നേൽ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

75 വർഷമായി ദീപിക വരിക്കാരായവരെയും ഈ വർഷം പ്ലസ് ടു, സൺഡേ സ്കൂൾ പരീക്ഷകളിൽ മുഴുവൻ മാർക്കു നേടിയ വിദ്യാർത്ഥികളെയും ചടങ്ങിൽ അനുമോദിച്ചു. ദീപികപ്പത്രത്തിന്റെ വിതരണം എല്ലാ ഇടവകകളിലും സുഗമമായി നടത്തുന്ന വിതരണക്കാർക്ക് പ്രത്യേക പാരിതോഷികം നൽകി. ശ്രീമതി ഡെയ്സമ്മ സെബാസ്റ്റ്യൻ കൃതജ്ഞതയർപ്പിച്ചു.

**2) ചേർപ്പുങ്കൽ**

ഡിസംബർ 1 നു നടക്കുന്ന ചേർപ്പുങ്കൽ ഫൊറോനാ കൺവെൻഷൻ സ്വാഗതസംഘം രൂപീകരിച്ചു.

രക്ഷാധികാരി : റവ. ഫാ. ജോസഫ് പാനാമ്പുഴ (ഫൊറോന വികാരി)

ചെയർമാൻ: ഫാ. ചാൾസ് പേണ്ടാനത്ത് (ഫൊറോന ഡയറക്ടർ)

വൈസ് ചെയർമാൻ: ഫാ. അജിത്ത്  പരിയാരത്ത് (അസി. വികാരി)

ജനറൽ കൺവീനർ: ശ്രീ ജയ്സൺ കുഴികോടിയിൽ (രൂപത പ്രസിഡന്റ്)

**മറ്റു കമ്മിറ്റികൾ**

1) സപ്ലിമെന്റ് കമ്മിറ്റി: ജയ്മോൻ പുത്തൻപുര (കൺവീനർ), ജോബ് പുറ്റത്താങ്കൽ, സോജൻ മാത്യു, സിറിയക് പനച്ചിപ്പുറം, സെബാസ്റ്റ്യൻ കുഴികോടിൽ

2) ആദരിക്കൽ

മെമെന്റോ - ബേബി ജോസഫ് കൊച്ചുപറമ്പിൽ (കൺവീനർ), ദേവസ്യാച്ചൻ ജെയിംസ്, തോമസ് എം.കെ, ജോർജ് ജോസഫ്

3) പ്രോഗ്രാം - ഫ്ളവറി സെബാസ്റ്റ്യൻ (കൺവീനർ), ജിജി സണ്ണി, തെയ്യാമ്മ തോമസ്

4) റിഫ്രഷ്മെന്റ് - ജോസ് ജോസഫ്, ജെയിംസ് ജോസഫ്, ജോസ് തേവർകുന്നേൽ

5) ട്രഷറർ - ശ്രീ. മാത്യു ചെറുശ്ശേരിൽ

**3. ഡി.എഫ്.സി. സംസ്ഥാന മീറ്റിങ്**

മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടന്ന ഡി.എഫ്.സി. സംസ്ഥാന കമ്മിറ്റിയിൽ രൂപത - സംസ്ഥാന ഭാരവാഹികൾ പങ്കെടുത്തു.

**4. ക്രൈസ്തവ മഹാസമ്മേളനവും സിമ്പോസിയവും**

രാമപുരത്തുവച്ചു നടന്ന സിമ്പോസിയത്തിലും ക്രൈസ്തവ മഹാസമ്മേളനത്തിലും ഡി.എഫ്.സി എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# ഇൻഫാം

---

**ഇൻഫാം പി.എസ്.ഡബ്ല്യു.എസ് സംയുക്തമീറ്റിങ്**

ഇൻഫാം പാലാ കാർഷികജില്ലയുടെയും പി.എസ്.ഡബ്ല്യു.എസിന്റെയും ഒരു സംയുക്തമീറ്റിങ് 18-10-2024 ൽ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്നു. ഇൻഫാം ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഇൻഫാം ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ജില്ലാ സെക്രട്ടറി തോമസ് മറ്റം എന്നിവർ പങ്കെ

ടുത്ത യോഗത്തിൽ കർഷകരുടെ ഉത്പന്നങ്ങൾ സംഭരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികളെപ്പറ്റി ആലോചിച്ചു.

**ഇൻഫാം ആർ.പി.എസ്. കർഷകവേദി സംയുക്തമീറ്റിങ്**

ഇൻഫാം പാലാ കാർഷികജില്ലയുടെ ആഭിമുഖ്യത്തിൽ കർഷകവേദി, ആർ.പി.എസുകൾ എന്നിവയുടെ ഒരു മീറ്റിങ് 29-10-2024 ൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. ഫാ. ജോസ് തറപ്പേൽ അധ്യക്ഷത വഹിച്ചു. വിവിധ ആർ.പി.എസുകൾ, കർഷകവേദി എന്നിവയുടെയും ഇൻഫാമിന്റെയും ഭാരവാഹികൾ പങ്കെടുത്തു. റബർത്തടി വെട്ടുകൂലി ഏകപക്ഷീയമായി വർധിപ്പിക്കുന്നതിനെതിരേ യോഗം പ്രമേയം പാസ്സാക്കി. നിലവിലെ സാഹചര്യത്തിൽ ഉടൻ കൂലിവർധന പാടില്ലെന്നു യോഗം അധികൃതരോട് ആവശ്യപ്പെട്ടു. ഒരു കൂലി സ്ട്രക്ചർ തയ്യാറാക്കുന്നതിനും യോഗം തീരുമാനിച്ചു.

**ഇൻഫാം സംസ്ഥാന എക്സിക്യൂട്ടിവ് കമ്മിറ്റി പാലായിൽ**

ഇൻഫാം സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം 6-11-2024 ൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. സംസ്ഥാന പ്രസിഡന്റ് ജോസ് ഇടപ്പാട്ട്, ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ, ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ, ദേശീയ ട്രഷറർ സണ്ണി അരഞ്ഞാണിപുത്തൻപുര, സംസ്ഥാന ട്രഷറർ തോമസ് തുപ്പലഞ്ഞിയിൽ, ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ ഇൻഫാമിന്റെ ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ച് വിവിധപദ്ധതികൾ തയ്യാറാക്കി.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)

# മദ്യവിരുദ്ധസമിതി

**ലഹരിവിരുദ്ധ ബോധവൽക്കരണം എച്ച്.എസ്.എസിൽ**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപതാറിസോഴ്സ് ടീം രൂപതയിലെ വിവിധ ഹയർസെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണക്ലാസുകൾ ആരംഭിച്ചു.

സെന്റ് മേരീസ് എച്ച്.എസ്.എസ്. കുറവിലങ്ങാട്, സെന്റ് എമ്മാനുവേൽസ് എച്ച്.എസ്.എസ്. കോതനല്ലൂർ, സെന്റ് ജോൺ നെപുംസ്യാൻസ് കൊഴുവനാൽ, സെന്റ് മേരീസ് എച്ച്.എസ്.എസ്. തീക്കോയി, സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്. രാമപുരം, സെന്റ് ജോർജ് എച്ച്.എസ്.എസ്. അരുവിത്തുറ എന്നിവിടങ്ങളിൽ ക്ലാസുകൾ നടന്നു.

രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള എന്നിവരാണ് ക്ലാസുകൾ നയിച്ചത്. ആന്റണി മാത്യു, ജോസ് കവിയിൽ എന്നിവർ നേതൃത്വം നൽകി.

**റീജണൽ സമ്മേളനം**

ചങ്ങനാശ്ശേരിയിൽ നടന്ന സമിതിയുടെ റീജണൽ മീറ്റിങ്ങിൽ പ്രതിനിധികൾ പങ്കെടുത്തു.

**സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന സമിതി സംസ്ഥാനഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ രൂപതയിൽനിന്നു പ്രതിനിധികൾ പങ്കെടുത്തു. സംസ്ഥാന സെക്രട്ടറിയായി പ്രസാദ് കുരുവിള ഒരു ഇടവേളയ്ക്കുശേഷം വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

**സംസ്ഥാനസമ്മേളനം കോട്ടയത്ത്**

2025 ഫെബ്രുവരി 26 നു നടക്കുന്ന മദ്യവിരുദ്ധ യുവജന-മദ്യവിരുദ്ധ പ്രവർത്തക സംയുക്തസമ്മേളനത്തിന്റെ മുഖ്യസംഘാടകനായി നമ്മുടെ രൂപതാംഗമായ സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിളയെ സംസ്ഥാന സമിതി ചുമതലപ്പെടുത്തി. യു.എൻ. മുൻ അണ്ടർ സെക്രട്ടറി ജനറൽ ശശി തരൂർ എം.പി., കർദിനാൾ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവ, ആർച്ചുബിഷപ് മാർ തോമസ് തറയിൽ, ബിഷപ് സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ, ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ് ഉൾപ്പെടെയുള്ള പിതാക്കന്മാരും പൗരപ്രമുഖരും ഉൾപ്പെടുന്ന സുപ്രധാനസമ്മേളനം കോട്ടയം ലൂർദു പള്ളിയുടെ സ്റ്റേഡിയത്തിലാണു നടക്കുന്നത്.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)






## സി. സെലറീന മാറാമറ്റത്തിൽ എഫ്.സി.സി.

പാലാ രൂപതയിൽ വാകക്കാട് ഇടവകയിൽ മാറാമറ്റം കുടുംബത്തിൽ കുര്യൻ - കുഞ്ഞാമ്മി ദമ്പതികളുടെ 12 മക്കളിൽ 9-ാമത്തെ സന്താനമായി സി. സെലറീന ഭൂജാതയായി. 1961 ൽ SSLC പാസായശേഷം ജൂൺമാസത്തിൽ തന്റെ ദൈവവിളി തിരിച്ചറിഞ്ഞ ഏലിയാമ്മ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺവെന്റിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസ പരിശീലനം പൂർത്തിയാക്കിയ സി. സെലറീന 22.05.1963 ൽ ആദ്യവ്രതവും 29.05.1967 ൽ നിത്യവ്രതവും അനുഷ്ഠിച്ച് ദൈവത്തിന് സമ്പൂർണ്ണസമർപ്പണം നടത്തി.

1966 ൽ ഹിന്ദി വിദ്വാൻ കോഴ്സ് പാസായശേഷം വാകക്കാട് അൽഫോൻസാ സ്കൂളിൽ തന്റെ അധ്യാപനദൗത്യം ആരംഭിച്ചു. തുടർന്ന് മഞ്ഞാമറ്റം, കൂട്ടിക്കൽ സ്കൂളുകളിൽ തന്റെ സേവനം കാഴ്ചവച്ചു. 1976 ൽ ഹിന്ദി ടീച്ചേഴ്സ് ട്രെയിനിങ് പാസ്സാകുകയും കോതനല്ലൂർ ഹൈസ്കൂളിൽ അധ്യാപികയായി നിയമിതയാവുകയും ചെയ്തു. 1984 മുതൽ വാകക്കാട് അൽഫോൻസാ ഹൈസ്കൂളിൽ തന്റെ അധ്യാപനവൃത്തി തുടർന്ന സി. സെലറീന 1998 ൽ സർവീസിൽനിന്നു വിരമിച്ചു.

ളാലം, വാകക്കാട്, മഞ്ഞാമറ്റം, കോതനല്ലൂർ, മൂന്നിലവ്, ക്ലാരാനഗർ, അരുവിത്തുറ പ്രൊവിൻഷ്യൽ ഹൗസ്, ഇടമറ്റം എന്നീ ഭവനങ്ങളിൽ താമസിച്ച സി. സെലറീന, സുപ്പീരിയർ, ട്രഷറർ, സെക്രട്ടറി എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ആറുവർഷക്കാലം അൽഫോൻസാ ജ്യോതി പ്രൊവിൻസിന്റെ ഫിനാൻസ് ഓഫീസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

'പരിപൂർണ്ണമായി ദൈവത്തിനും സഹോദരങ്ങൾക്കും സമർപ്പിച്ചുകൊണ്ട് സ്നേഹസേവനജീവിതം നയിക്കുക, എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം ദൈവത്തിൽ മാത്രമാണ്' ഇതായിരുന്നു അമ്മയുടെ motto.

2024 നവംബർ 18-ാംതീയതി ക്ഷീണം വർദ്ധിച്ചതിനാൽ രോഗീലേപനം നൽകി. കൂടുതൽ ക്ഷീണിതയായിരുന്ന അമ്മ 20-ാം തീയതി രാവിലെ 4.30 ന് ശാന്തമായി തന്റെ മണവാളന്റെ പക്കലേക്കു പറന്നുയർന്നു. തുടർന്ന് മൃതദേഹം മേരിഗിരി മോർച്ചറിയിലേക്കു മാറ്റി. വൈകുന്നേരം 4.45 ന് ഇടമറ്റം മഠം ചാപ്പലിൽ കൊണ്ടുവന്നു. ബഹു. വികാരിയച്ചൻ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. CMI, കാസാമരിയ, കപ്പുച്ചിൻ എന്നീ ആശ്രമങ്ങളിലെ വൈദികരും ഇടവകവൈദികരും ധാരാളം സിസ്റ്റേഴ്സും ബന്ധുമിത്രാദികളും അന്തിമോപചാരമർപ്പിച്ചു.

21.11.2024 വ്യാഴാഴ്ച രാവിലെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. സ്വന്തം കുടുംബത്തിൽപ്പെട്ട റവ. ഫാ. ജോബി മാറാമറ്റത്തിൽ ദിവ്യബലിക്ക് മുഖ്യ കാർമികത്വം വഹിച്ചു. ദിവ്യബലിമധ്യേ റവ.ഫാ.സിബി പാറടിയിൽ അനുസ്മരണസന്ദേശം നൽകി. തുടർന്ന് മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. 10.45 ന് മൃതദേഹം പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ ശുശ്രൂഷകൾക്ക് പാലാ രൂപത വികാരി ജനറാൾ വെരി റവ. ഡോ. ജോസഫ് തടത്തിൽ മുഖ്യകാർമികത്വം വഹിച്ചുകൊണ്ട് പാലാ രൂപതയുടെ അനുശോചനം അറിയിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഇടമറ്റം സെന്റ് മൈക്കിൾസ് പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. ബഹു. സെലറീനാമ്മയെ ദിവ്യനാഥൻ നിത്യകിരീടമണിയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.




## NOVEMBER 2024

| | | |
|---|---|---|
| 1 | | മെഡിസിറ്റിയിൽ ഒരു മീറ്റിങ്ങിൽ പങ്കെടുത്തു. |
| 2 | 10.00 am | ക്രൈസ്തവമഹാസമ്മേളനത്തോടനുബന്ധിച്ചുള്ള അവലോകനമീറ്റിങ്ങിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. |
| | 9.00 am | മലങ്കര യാക്കോബായ സഭയുടെ മഫ്രിയാനോ അബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ മൃതശരീരത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.00 pm | ഭരണങ്ങാനത്ത് ഈറ്റയ്ക്കക്കുന്നേലച്ചന്റെ അമ്പതാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള മീറ്റിങ്ങിൽ പങ്കെടുത്ത സന്ദേശം നൽകി. |
| | 6.30 pm | പാലക്കാട്ടുമലയിൽ ഇടയനടുത്തസന്ദർശനം നടത്തി. |
| 3 | 7.45 am | പാലക്കാട്ടുമലയിൽ ഇടയനടുത്തസന്ദർശനം നടത്തി. |
| 4 | 4.30 pm | മുട്ടുചിറ ഇടവകയിൽ PSWS അഗ്രോഷോപ്പിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 5 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 6 | 9.30 am | മിണ്ടാമഠത്തിൽ കാനോനിക്കൽ വിസിറ്റ് നടത്തി |
| 7 | 10.30 am | കുറവിലങ്ങാട് വെള്ളായിപ്പറമ്പിൽ ചിന്നമ്മ മാണിയുടെ ഭൗതികശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 7-8 | | ഇടുക്കിയിൽ വച്ചു നടന്ന പിതാക്കന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 9-12 | | മാർ പ്രിൻസ് പാണേങ്ങാടൻപിതാവിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 13 | 10.00 am | കത്തീഡ്രലിൽ മണർകാട് ബാബുച്ചേട്ടന്റെ മൃതസംസ്കാരശുശ്രൂഷയിലെ പള്ളിയിലെ കർമ്മങ്ങൾക്കു നേതൃത്വം നൽകി. |
| | 03.00 pm | ക്രൈസ്തവമഹാസമ്മേളനത്തോടനുബന്ധിച്ചുള്ള പത്രസമ്മേളനത്തിൽ പങ്കെടുത്തു. |
| | 6.30 pm | ഇളംതോട്ടം ഇടവകയിലെ അന്തോണീസ് ബാവായുടെ ഗ്രോട്ടോ വെഞ്ചരിപ്പുകർമ്മത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 14 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | സിസിഐയോടനുബന്ധിച്ചുള്ള പത്രസമ്മേളനത്തിൽ പങ്കെടുത്തു. |
| 15 | 5.00 pm | പ്രവിത്താനം ഇടവകയിൽ പുതുതായി നിർമ്മിച്ച മോണ്ടളത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 6.00 pm | സിസിഐയുടെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു. |
| 16 | | ഇടമറുക് ഇടവകയിൽ ഡി. സ്കറിയ പുരയിടത്തിലിന് തിരുപ്പട്ടം നൽകി. |
| | | ചങ്ങനാശ്ശേരി പുന്നത്തറ ഇടവകയിൽ ഒരു ഒത്തുകല്യാണം ആശീർവദിച്ചു. |
| 17 | | രാമപുരത്തുവച്ചു നടന്ന ക്രൈസ്തവ മഹാസമ്മേളനത്തിന്റെ സിമ്പോസിയത്തിലും മീറ്റിങ്ങിലും പങ്കെടുത്തു. |
| 18 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 6.00 pm | കുരുവിനാൽ ഇടവക ചേന്നാട്ട് ത്രേസ്യാക്കുട്ടി മാത്യുവിന്റെ ഭൗതികശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 19 | | നേഴ്സിങ് കോളജിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 20 | | ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാരുടെ മാതാപിതാക്കളുടെ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | | എക്യുമെനിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ അരുവിത്തുറ ഇടവകയിൽ വച്ച് മാർത്തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ ഓർമ്മദിനത്തോടനുബന്ധിച്ചുള്ള പുറത്തുനമസ്കാരത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |

| | | |
|---|---|---|
| 21 | 06.30 am | അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ ഓർമ്മദിനത്തോടനുബന്ധിച്ച് കത്തീദ്രലിൽ വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 4.00 pm | കൂത്താട്ടുകുളം ദേവമാതാ ആശുപത്രിയുടെ ജൂബിലി സമാപനത്തോടനുബന്ധിച്ചുള്ള മീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 22 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | | ADCP മീറ്റിങ്ങിൽ പങ്കെടുത്തു. |
| 23 | 11.00 am | ചന്ദ്രൻകുന്നേൽ മൈക്കിളച്ചന്റെ ജൂബിലിയോടനുബന്ധിച്ചുള്ള മീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 3.00 pm | കരൂർ ഇടവകയിൽ ഒരു ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. |
| 24 | 7.00 pm | കരൂർ ഇടവകയുടെ 125-ാം ജൂബിലിസമാപനത്തോടനുബന്ധിച്ച് പരിശുദ്ധകുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 2.00 pm | ചങ്ങനാശ്ശേരിയിൽ അഭിവന്ദ്യ മാർ ജോർജ് കൂവക്കാടു പിതാവിന്റെ മെത്രാഭിഷേകകർമ്മത്തിൽ പങ്കെടുത്തു. |
| 25 | | സുറിയാനി അധ്യാപകനായ തിരുവല്ല രൂപതാംഗം തോമസ് പറക്കോട്ടച്ചന്റെ ഭൗതികശരീരത്തിങ്കൽ ഒപ്പിസുചൊല്ലി പ്രാർത്ഥിച്ചു. |
| 26 | 4.00 pm | ബൈബിൾ കൺവെൻഷൻപന്തലിന്റെ കാൽനാട്ടു കർമ്മം നിർവഹിച്ചു. |
| | 6.00 pm | പൗരോഹിത്യത്തിന്റെ 50 ഉം 25 ഉം ജൂബിലിയാഘോഷിക്കുന്ന പാലാ രൂപതയിലെ അച്ചന്മാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 27 | 6.30 am | അരമനയിൽവച്ച് ജൂബിലിയാഘോഷിക്കുന്ന അച്ചന്മാരോടുകൂടെ വിശുദ്ധ കുർബാന അർപ്പിച്ചു. |
| 27 | 4.00 pm | മാൻവെട്ടം ഇടവകയിൽ പുതുതായി നിർമ്മിക്കപ്പെട്ട വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 6.00 pm | കവീക്കുന്ന് ഇടകവകാംഗമായ പൊരുന്നോലിൽ ജോൺ സഖറിയാസ്സാറിന്റെ ഭൗതികശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |

| | | |
|---|---|---|
| 28 | 9.00 am | പെർമനന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 28 | 2.30 pm | അരമനയിൽ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 4.00 pm | കൂമ്മണ്ണൂരിൽ ഒരു വെഞ്ചരിപ്പുകർമ്മം നടത്തി. |
| 29 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | സീവ്യൂ എസ്റ്റേറ്റിൽ ഒരു മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 6.00 pm | കൂട്ടിക്കൽ ഇടവക പേഴുംകാട്ടിൽ ജോർജ് തോമസിന്റെ ഭൗതികശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 30 | 10.00 am | മുട്ടുചിറ ഹൈസ്കൂളിലെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 11.30 am | മരങ്ങാട്ടുപിള്ളി അർനോൾഡ് മാതോത്തച്ചന്റെ ഓർമ്മദിനത്തോടനുബന്ധിച്ചുള്ള മീറ്റിങ്ങിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| | 4.30 pm | മേരിലാൻഡ് ഇടവകയുടെ 75-ാം ജൂബിലിയോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |



**Not that we are competent of ourselves to claim anything as coming from us; our competence is from God.**
(2 Cor 3:5)



28 DEC 2024, 3.00 PM
Dn. John (Johns) Chukkananickal
**St. George Church**
**Urulikunnam**



28 DEC 2024, 3.00 PM
Dn. John (Jibin) Kuzhikannil
**St. Joseph Church**
**Koodalloor**



28 DEC 2024, 03.00 PM
Dn. Mathew (Albin) Vettukallel
**St. Mary's Church**
**Bharananganam**



28 DEC 2024, 03.30 PM
Dn. Antony (Jensal) Villamthanam
**St. Joseph's Church**
**Thidanadu**



28 DEC 2024, 4.00 PM
Dn. Jacob (Jekson) Kaduthodil
**St. Joseph Church**
**Anthinad**



28 DEC 2024, 4.00 PM
Dn. Sebastian (Jins) Pettapuzha
**Mar Sleeva Forane Church**
**Cherpunkal**



29 DEC 2024, 10.00 AM
Dn. George (Aloshy) Njattuthottiyil
**St. John Vianney Church**
**Kalathukadavu**



29 DEC 2024, 10.00 AM
Dn. Mathew (Shon) Theruvankunnel
**Marth Mariam town church**
**Muttom (Sibigiri)**



29 DEC 2024, 10.30 AM
Dn. Joseph (Dijomon) Marottickal
**St. Sebastian's Church**
**Mannackanad**



29 DEC 2024, 2.45 PM
Dn. John (Abhilash) Vayalil
**St. George Forane Church**
**Aruvithura**



29 DEC 2024, 4.00 PM
Dn. Joseph (Amal) Thevarparambil
**St Augustines Forane church**
**Ramapuram**



30 DEC 2024, 10.30 AM
Dn. Joseph (Aivin) Vettukallumpurathu
**Sacred Heart Church**
**Maniamkunnu**

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# പാലക്കാട്ടുമല പള്ളി










## പാലാ രൂപത

## പ്ലാറ്റിനം ജൂബിലി യുവജനസംഗമം

# ഏൽ റോയി

## ദൈവം കാണുന്നു



## കൃപ നിറഞ്ഞ യുവത്വം

**A SPIRITUAL BLENDING OF MUSIC, ART AND VALUES**

**21 DEC 2024, SATURDAY | 8:30 AM TO 2:00 PM**

**St. Thomas College Ground, Palai**

INAUGURATION

Cardinal Mar George Alencherry
Major Archbishop Emeritus
Syro-Malabar Catholic Church

PRESIDENTIAL ADDRESS

Mar Joseph Kallarangatt
Bishop, Eparchy of Palai

KEYNOTE ADDRESS

Sri. Sijoy Varghese
Cine Artist

2024
DECEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




*Printed at St.Thomas Press, Palai and Published by Fr. Mani Kozhuppankutty*